VOL NO: 10 I ISSUE 43

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 OCTOBER 24 I ₹10



## യെമൻ, ഇസ്‌ലാം, ഹൂഥി, സൗദി; ചരിത്രവും യാഥാർഥ്യവും

മിസൈലുകളും ഡ്രോണുകളുമായി സൗദി അറേബ്യയെ നിരന്തരം ലക്ഷ്യമിടുന്ന ഹൂഥി നീക്കങ്ങൾക്ക് പിന്നിലെ രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ സമവാക്യങ്ങൾ എന്താണ്? ആഗോള മാധ്യമങ്ങളിലും സമൂഹമാധ്യമ അൽഗോരിതങ്ങളിലും നിറയുന്ന അപനിർമിതികൾക്കപ്പുറം യെമൻ എന്ന ചരിത്രഭൂമിയുടെ യാഥാർഥ്യമെന്ത്? മുഹമ്മദ് നബിക്ക് മുമ്പുള്ള ചരിത്രഘട്ടങ്ങൾ തൊട്ട് സൈദി ഇമാമിയ്യ ഭരണവും കോളനിവാഴ്ചയും വഴി ഇന്നത്തെ ഹൂഥി പ്രതിസന്ധി വരെ നീളുന്ന യെമന്റെ സങ്കീർണമായ ഭൗമരാഷ്ട്രീയ പരിണാമങ്ങളെ കൃത്യമായി അടയാളപ്പെടുത്തുന്നു.

**ആർ എസ് എസിന്റെ സൂഫി പ്രേമം എന്ന പി ആർ തന്ത്രം!**

---

**ആണ്ട്, ഉറൂസ് അനാചാരങ്ങൾ ശിയാ ആഘോഷങ്ങൾ തന്നെ!**

---

**സൂഫി വിവാദം സമുദായത്തിനു നൽകുന്ന മുന്നറിയിപ്പുകൾ**

സുഫ്‌യാൻ അബ്ദുസ്സലാം ● ഡോ. ശബ്‌ന കാരാടൻ ● ടി.കെ അശ്‌റഫ്




**നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

509

# നേർപഥം വാരിക

2026 ഒക്ടോബർ 24
1448 ജമാദുൽ അവ്വൽ 13
പുസ്തകം 10 / ലക്കം 43

Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**






കവർ സ്റ്റോറി

10




സുഫ്‌യാൻ അബ്ദുസ്സലാം

മിസൈലുകളും ഡ്രോണുകളുമായി സൗദി അറേബ്യയെ നിരന്തരം ലക്ഷ്യമിടുന്ന ഹൂഥി നീക്കങ്ങൾക്ക് പിന്നിലെ രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ സമവാക്യങ്ങൾ എന്താണ്? ആഗോള മാധ്യമങ്ങളിലും സമൂഹമാധ്യമ അൽഗോരിതങ്ങളിലും നിറയുന്ന അപനിർമിതികൾക്കപ്പുറം യെമൻ എന്ന ചരിത്രഭൂമിയുടെ യാഥാർഥ്യമെന്ത്? മുഹമ്മദ് നബിക്ക് മുമ്പുള്ള ചരിത്രഘട്ടങ്ങൾ തൊട്ട് സൈദി ഇമാമിയ്യ ഭരണവും കോളനിവാഴ്ചയും വഴി ഇന്നത്തെ ഹൂഥി പ്രതിസന്ധി വരെ നീളുന്ന യെമന്റെ സങ്കീർണമായ ഭൗമരാഷ്ട്രീയ പരിണാമങ്ങളെ കൃത്യമായി അടയാളപ്പെടുത്തുന്ന ലേഖന പരമ്പര

**05** മുഖമൊഴി
ആർ എസ് എസിന്റെ സൂഫി പ്രേമം എന്ന പി ആർ തന്ത്രം!

**06** ലേഖനം
ലക്ഷ്യത്തിൽ പിഴച്ചവർ
മുഹമ്മദ് ഫയാസ്, നാദാപുരം

**17** കഥ
ദാഹിച്ചു വലഞ്ഞ യാത്രക്കാരന്റെ കഥ
മുഹമ്മദ് ശമീൽ

**18** വിമർശനം
ആണ്ട്, ഉറൂസ് അനാചാരങ്ങൾ ശിയാ ആഘോഷങ്ങൾ തന്നെ!
മൂസ സ്വലാഹി കാര

**22** നമുക്കുചുറ്റും
സൂഫി വിവാദം സമുദായത്തിനു നൽകുന്ന മുന്നറിയിപ്പുകൾ
ടി.കെ. അശ്റഫ്

**25** വിമർശനം
വിദേശ ജോലി; വഞ്ചിതരാകരുത്
നബീൽ പയ്യോളി

**26** ആരോഗ്യപഥം
തൈറോയിഡ് രോഗങ്ങൾ മാനസികാരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു?
ഡോ. ശബ്ന കാരാടൻ (BHMS)

**30** കവിത
സമയം
നജീബ് കെ.സി.

**31** ലേഖനം
ആരാണു സമസ്തയെ പിളർത്തിയത്?
മുസ്തഫ കമാൽ, മൂന്നിയൂർ

**34** കവിത
ലഹരിയിൽ കൂപ്പുകുത്തിയവനും മിനി കൂപ്പറും
സിനി. ടി. കെ, മണ്ണാർക്കാട്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly




# വൈവിധ്യമാർന്ന ദഅ്‌വ പ്രവർത്തനങ്ങളുമായി വിസ്ഡം യൂത്ത്

ഒക്ടോബർ 18, ഞായറാഴ്ച വിസ്ഡം യൂത്തിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നത് വ്യത്യസ്ത ലക്ഷ്യങ്ങളെയും ജനവിഭാഗങ്ങളെയും അഭിസംബോധന ചെയ്യുന്ന ശ്രദ്ധേയമായ ദഅ്‌വ പ്രവർത്തനങ്ങളാണ്. അറിവ്, പ്രബോധനം, സാമൂഹിക ഉത്തരവാദിത്തം, പ്രൊഫഷണൽ മികവ്, കാരുണ്യം എന്നിവയെ ചേർത്തുപിടിച്ച ഈ പ്രവർത്തനങ്ങൾ ഏറെ സന്തോഷവും പ്രതീക്ഷയും നൽകുന്നു.

**കണ്ണൂർ:**
***ക്വുർആൻ സമ്മേളനം***; ക്വുർആൻ-ഹദീസ് ലേണിങ് സ്കൂൾ (QHLS) ശാക്തീകരണം ലക്ഷ്യമാക്കി വിവിധ ജില്ലകളിൽ സംഘടിപ്പിക്കുന്ന ക്വുർആൻ സമ്മേളനങ്ങളുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ സമ്മേളനം നടന്നു.

**കോഴിക്കോട്:**
*Envision & Accessable Meet;* കാഴ്ച, കേൾവി, ചലന പരിമിതികളുള്ളവരുടെയും അവരുടെ കുടുംബങ്ങളുടെയും സംഗമം. പരസ്പര സ്നേഹവും കരുതലും പങ്കുവച്ച്, അവരുടെ ആവശ്യങ്ങളും അനുഭവങ്ങളും തിരിച്ചറിയാനും കൂടുതൽ സാമൂഹിക ഇടപെടലുകൾക്ക് വഴിയൊരുക്കാനുമുള്ള ഹൃദയസ്പർശിയായ വേദി.

**കോഴിക്കോട്:**
*Rise Up-Roots* മണ്ഡലം കൺവീനർമാരുടെ വർക്ഷോപ്; Roots പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനും മണ്ഡലം തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് പുതിയ ദിശയും ഊർജവും പകരുന്നതിനുമായി മണ്ഡലം കൺവീനർമാർക്കുള്ള ശിൽപശാല സംഘടിപ്പിച്ചു.

**കോഴിക്കോട്:**
*Ascend-Professional Wing Workshop:* പ്രൊഫഷണൽ വിങ്ങിന്റെ ജില്ലാ സമിതികൾക്കായി സംഘടിപ്പിച്ച വർക്ക്ഷോപ്. പ്രൊഫഷണലുകളുടെ കഴിവുകളും അറിവും ദഅ്‌വാ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി പ്രയോജനപ്പെടുത്താനും ഉത്തരവാദിത്തബോധമുള്ള നേതൃത്വത്തെ വളർത്തിയെടുക്കാനും ലക്ഷ്യമിട്ട പ്രവർത്തനം.

**തിരുവനന്തപുരം:**
***Welfare Leaders Lab, സ്നേഹ സ്പർശം വർക്ക്ഷോപ്;*** കാരുണ്യത്തിന്റെയും സേവനത്തിന്റെയും പ്രവർത്തനങ്ങൾക്ക് കൂടുതൽ മികവും ദിശാബോധവും നൽകുന്നതിനായി സ്നേഹ സ്പർശം പ്രവർത്തകർക്കായി സംഘടിപ്പിച്ച ശിൽപശാല. അർഹരിലേക്ക് കരുതലിന്റെ കൈകൾ നീട്ടാനും ക്ഷേമപ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദമാക്കാനും ഇത്തരം പരിശീലനങ്ങൾ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇവയുടെ വിജയത്തിനായി പ്രയത്നിച്ച സംഘാടകർ, പ്രവർത്തകർ, നേതൃത്വം നൽകിയവർ, സഹകരിച്ചവർ... എല്ലാവർക്കും അല്ലാഹു അർഹമായ പ്രതിഫലം നൽകട്ടെ.

**-ഡോ. വി പി ബഷീർ**
**ജനറൽ സെക്രട്ടറി**
**വിസ്ഡം യൂത്ത്**

# ആർഎസ്എസിന്റെ സൂഫി പ്രേമം എന്ന പിആർ തന്ത്രം!

ആർഎസ്എസ് അധ്യക്ഷൻ മോഹൻ ഭാഗവതിന്റെ മേൽനോട്ടത്തിൽ ഉത്തർപ്രദേശിൽ സൂഫി പ്രസ്ഥാനങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാനും സൂഫിവര്യന്മാരുടെ ദർഗകൾ കേന്ദ്രീകരിച്ച് തദ്ദേശീയ കൂട്ടായ്മകൾ രൂപീകരിക്കാനുമുള്ള നീക്കങ്ങൾ വലിയ ചർച്ചകൾക്ക് വഴിതുറന്നിരിക്കുകയാണ്. മുസ്‌ലിം വിഭാഗങ്ങളെ ശത്രുപക്ഷത്തുനിർത്തി സംഘടനാശേഷിയും രാഷ്ട്രീയ സ്വാധീനവും കെട്ടിപ്പടുത്ത ഒരു പ്രസ്ഥാനം, അതേ സമുദായത്തിലെ ഒരു ആശയധാരയെ നെഞ്ചേറ്റാൻ ശ്രമിക്കുന്നതിലെ വൈരുധ്യവും രാഷ്ട്രീയ തന്ത്രങ്ങളും ഗൗരവമേറിയ വിശകലനമർഹിക്കുന്നു.

ആർഎസ്എസ് വിഭാവനം ചെയ്യുന്ന 'ഹിന്ദുത്വ' രാഷ്ട്രീയത്തിന്റെ അടിസ്ഥാനം തന്നെ 'അന്യവൽക്കരണ'മാണ്. വിചാരധാര അടക്കമുള്ള ആർഎസ്എസിന്റെ പ്രമാണ ഗ്രന്ഥങ്ങളിൽ ഭാരതീയ സംസ്കാരത്തിന് പുറത്തുനിന്നുള്ളവരായി അടയാളപ്പെടുത്തിയ പ്രധാന 'ആഭ്യന്തര ഭീഷണി' മുസ്‌ലിംകളാണ്. യുപിയിൽ ന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന ബുൾഡോസർ രാജ്, ആരാധനാലയ തർക്കങ്ങൾ-തകർക്കലുകൾ, പൗരത്വ നിയമങ്ങളിലെ വിവേചനം എന്നിവയെല്ലാം ഈ പ്രത്യയശാസ്ത്രത്തിന്റെ പ്രയോഗതലങ്ങളാണ്. എന്നാൽ, അതേ യുപിയിൽ സൂഫിസം പ്രചരിപ്പിക്കാൻ ഇറങ്ങുമ്പോൾ, ഇത്രയും കാലം മുന്നോട്ടുവച്ച ആഭ്യന്തര ഭീഷണി എന്ന സിദ്ധാന്തത്തിന്റെ അടിത്തറ തന്നെയാണ് ചോദ്യം ചെയ്യപ്പെടുന്നത്.

മുസ്‌ലിംകളെ മൊത്തത്തിൽ എതിർക്കുന്നതിനു പകരം, സമുദായത്തെ 'നല്ല മുസ്‌ലിം,' 'കെട്ട മുസ്‌ലിം' എന്നിങ്ങനെ വിഭജിക്കുക എന്നത് സംഘപരിവാർ ദീർഘകാലമായി പരീക്ഷിക്കുന്ന തന്ത്രമാണ്. സൂഫിസത്തെ 'ഭാരതീയ സംസ്കാര'ത്തോട് ഇഴുകിച്ചേർന്ന (നല്ല) ഇസ്‌ലാമായും, മറ്റു ധാരകളെ വിദേശീയവും തീവ്രസ്വഭാവമുള്ളതുമായ ('കെട്ട') ഇസ്‌ലാമായും ചിത്രീകരിക്കാനാണ് ശ്രമം.

സമുദായത്തിനുള്ളിലെ ആശയപരമായ വ്യത്യാസങ്ങളെയും അസ്വാരസ്യങ്ങളെയും മുതലെടുത്ത് മുസ്‌ലിം വോട്ടുബാങ്കിൽ വിള്ളലുണ്ടാക്കുക, അതിലൂടെ തങ്ങളുടെ രാഷ്ട്രീയ ആധിപത്യം ഉറപ്പിക്കുക എന്നതും ഇതിന്റെ പ്രധാന ലക്ഷ്യമാണ്.

സൂഫിസത്തെ അതേപടി ഉൾക്കൊള്ളുകയല്ല, മറിച്ച് അതിനെ 'ഭാരതീയവൽക്കരിക്കുക' അല്ലെങ്കിൽ ഹിന്ദുത്വ ചട്ടക്കൂടിലേക്ക് ചുരുക്കുക എന്നതാണ് ഈ നീക്കത്തിനു പിന്നിൽ. അദ്വൈതം പോലുള്ള ഹൈന്ദവ ചിന്താധാരകൾക്കു സമാനമായ പല വിശ്വാസങ്ങളും പേറി നടക്കുന്ന സൂഫിസത്തെ ഹിന്ദുത്വ ചട്ടക്കൂടിലേക്ക് ചുരുക്കുക എന്നത് വളരെ എളുപ്പമുള്ള കാര്യമാണല്ലോ.

ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെടുന്നു എന്ന അന്താരാഷ്ട്ര വിമർശനങ്ങളെ പ്രതിരോധിക്കാനും തങ്ങൾ ഇസ്‌ലാമിനോ മുസ്‌ലിംകൾക്കോ എതിരല്ല, മറിച്ച് തങ്ങളുടെതായ സഹിഷ്ണുതാ സംസ്കാരം അംഗീകരിക്കുന്നവരെ ചേർത്തുപിടിക്കുന്നു എന്ന് ബാഹ്യലോകത്തെ കാണിക്കാനുള്ള ഒരു 'പിആർ' തന്ത്രം കൂടിയാണിത്.

ഒരുവശത്ത് ബുൾഡോസർ ഉപയോഗിച്ച് മുസ്‌ലിം ന്യൂനപക്ഷങ്ങളുടെ വീടുകളും മസ്ജിദുകളും തകർക്കുകയും പൗരത്വവും അവകാശങ്ങളും നിഷേധിക്കുകയും ചെയ്യുക; മറുവശത്ത് അതേ സമുദായത്തിലെ സൂഫി ആശയങ്ങളെ താലോലിക്കുക. ഈ വൈരുധ്യം കേവലം അബദ്ധത്തിൽ സംഭവിക്കുന്നതല്ല, മറിച്ച് കൃത്യമായി പ്ലാൻ ചെയ്ത രാഷ്ട്രീയതന്ത്രമാണ്. മുസ്‌ലിം കൂട്ടായ്മകളെ ദുർബലപ്പെടുത്താനും സ്വന്തം രാഷ്ട്രീയ ആധിപത്യം ഉറപ്പിക്കാനുമുള്ള ഉപകരണമായി സൂഫിസത്തെ മാറ്റാനാണ് ആർഎസ്എസ് ശ്രമിക്കുന്നത്. ഈ വൈരുധ്യത്തെ തിരിച്ചറിയുക എന്നതാണ് ജനാധിപത്യ സമൂഹത്തിന്റെ ഉത്തരവാദിത്തം. കോട്ടിട്ട കപട മൗലാനമാർ സംഘപരിവാർ വേദികളിൽ വാഴ്ത്തുപാട്ടുകളുമായി പ്രത്യക്ഷപ്പെടുന്നതു കണ്ട് മുസ്‌ലിം സമുദായം ഒന്നടങ്കം ആ പാളയത്തിലേക്കു ചേക്കേറുമെന്നത് വ്യാമോഹം മാത്രമാണ്. കോഴിയോട് 'പേടിക്കേണ്ട, ഞാൻ കൂടെയുണ്ട്' എന്നു പറയുന്ന കുറുക്കന്റെ മനസ്സിലിരുപ്പ് അത്ര നിഷ്കളങ്കമല്ല. ■

സൂഫിസം; ആത്മീയതയോ തത്ത്വചിന്തയോ? 7



# ലക്ഷ്യത്തിൽ പിഴച്ചവർ

മുഹമ്മദ് ഫയാസ്, നാദാപുരം

സൂഫി വിഭാഗങ്ങളെ തരംതിരിച്ചവരിൽ ഏറ്റവും പ്രശസ്തൻ ഇമാം ഇബ്നു തൈമിയ്യ(റഹി)യാണ്. അദ്ദേഹം പറഞ്ഞു: “അവരിൽ ‘ഇത്തിഹാദിയ്യഃ’ ഉണ്ട്, ഇത് സൂഫികളിലെ ഏറ്റവും വലിയതും അപകടകരവുമായ വിഭാഗമാണ്. മനുഷ്യന് അല്ലാഹുവുമായി ഐക്യപ്പെടാൻ (ഇത്തിഹാദ്) കഴിയുന്ന ഘട്ടത്തിലേക്ക് എത്തിച്ചേരാൻ സാധിക്കുമെന്ന് ഇവർ പറയുന്നു.” ഇത് വ്യക്തമായ കുഫ്റാണ്.

രണ്ടാമത്തെ വിഭാഗം ‘ഹുലൂലിയ്യഃ’ ആണ്. ഇബ്നു തൈമിയ്യ(റഹി) ഇവരെ ഇത്തിഹാദിയ്യയോട് വളരെ അടുത്തായിട്ടാണ് കാണുന്നത്, എന്നാൽ അവർ തമ്മിൽ ചെറിയൊരു വ്യത്യാസമുണ്ട്. ഇത്തിഹാദിയ്യക്കാർ പറയുന്നു; അല്ലാഹുവാണ് എല്ലാ വസ്തുക്കളും എന്ന്.

എന്നാൽ ഹുലൂലിയ്യക്കാർ പറയുന്നതാകട്ടെ ‘അല്ലാഹു സൃഷ്ടികളിൽ ലയിച്ചുചേരുന്നു’ എന്നുമാണ്. ബുദ്ധമതം, ഹിന്ദുമതം, സൊരാസ്ട്രിയനിസം എന്നിവയിലുള്ള അതേ വിശ്വാസംതന്നെ!

ഇബ്നു തൈമിയ്യ അടുത്ത വിഭാഗമായി എണ്ണുന്നത് ‘സബ്ഈനിയ്യഃ’യെ ആണ്. അൻഡലൂസിയയിലെ മുസ്‌ലിംകളിൽ പെട്ടവനായിരുന്ന ഇബ്നു സബ്ഈനിലേക്ക് ചേർക്കപ്പെട്ടവരാണിവർ. ഗ്രീക്ക് തത്ത്വചിന്താപരമായ പല ആശയങ്ങളും വിവരിക്കുന്നതിലും ചർച്ച ചെയ്യുന്നതിലും എതിർക്കുന്നതിലും അദ്ദേഹം പ്രശസ്തനായിരുന്നു. ഏതുവരെയെന്നാൽ, റോമൻ സാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്ന ഫ്രെഡറിക് രണ്ടാമൻ മുവഹ്ഹിദ് ഭരണകൂടത്തിന് പല ഗ്രീക്ക് തത്ത്വചിന്താപരമായ ചോദ്യങ്ങളും അതിൽ ഇസ്‌ലാമിന്റെ കാഴ്ചപ്പാടും ചോദിച്ചുകൊണ്ട് കത്തയച്ചപ്പോൾ, അതിന് മറുപടി നൽകിയത് ഇബ്നു സബ്ഈൻ ആയിരുന്നു. അദ്ദേഹം അതിനായി ഒരു പൂർണസന്ദേശം തയ്യാറാക്കി. ഈ കത്ത് റോമൻ സാമ്രാജ്യത്തിലെ മാർപാപ്പയെക്കൊണ്ട് ഇബ്നു സബ്ഈനെക്കുറിച്ച് ഇങ്ങനെ പറയിപ്പിച്ചു: ‘ഇന്ന് മുസ്‌ലിംകൾക്കിടയിൽ ഇദ്ദേഹത്തെക്കാൾ വലിയൊരു അറിവുള്ളവനില്ല.’ എന്നാൽ ഈ ഇബ്നു സബ്ഈൻ ഹുലൂൽ, ഇത്തിഹാദ് എന്നീ വാദങ്ങൾ ആദ്യമായി പറഞ്ഞവരിൽ പെട്ടവനായിരുന്നു.

**ശൈഖ് തന്നിലേക്ക് കൂടുതൽ മുരീദുകളെ ആകർഷിക്കാനും താൻ അല്ലാഹുവിന്റെ വലിയൊരു വലിയ്യാണെന്ന് അവരുടെ മുമ്പിൽ തെളിയിക്കാനും താൻ ചെയ്യുന്നതെല്ലാം കറാമത്തുകളാണെന്ന് വരുത്തിത്തീർക്കാനും ഒരുപാട് ശരീഅത്ത് വിരുദ്ധ കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതനാകുന്നു. ഓരോ ശൈഖും തന്റെ തന്നിഷ്ടത്തെയോ മനസ്സിന്റെ തോന്നലുകളെയോ പിന്തുടരുന്നു. മുരീദ് തന്റെ ശൈഖ് പറഞ്ഞതെല്ലാം അപ്പടി പിന്തുടരുന്നു. ഓരോ ശൈഖിനും ഓരോ മതം!**

‘ഹല്ലാജിയ്യഃ’യാണ് മറ്റൊരു വിഭാഗം. പേര് സൂചിപ്പിക്കുന്നതുപോലെ ഹല്ലാജിന്റെ അനുയായികളാണിവർ. ഇബ്നു തൈമിയ്യ(റഹി) അവരെ നേരിട്ട് സിൻദീഖുകൾ (നിരീശ്വരവാദികൾ) എന്നു വിളിച്ചു. കാരണം ഹല്ലാജിനെപ്പോലെ അവരും ഇത്തിഹാദ് വാദിച്ചു; അവരെല്ലാവരും അല്ലാഹുവുമായി നേരിട്ടുള്ള ഇത്തിഹാദല്ല പറഞ്ഞത്. ചിലർ പ്രവാചകന്മാരുമായും സ്വാലിഹുകളുമായുമുള്ള ഇത്തിഹാദാണ് പറഞ്ഞത്. അദവിയ്യഃ, ഖാദിരിയ്യഃ, ഹാകിമിയ്യഃ എന്നീ വിഭാഗങ്ങളെക്കുറിച്ചും ഇബ്നു തൈമിയ്യ(റഹി) ചർച്ച ചെയ്തിട്ടുണ്ട്. ഈ ഓരോ വിഭാഗത്തിനും ഒരു ശൈഖും ആചാരങ്ങളും പ്രത്യേക ദിക്റുകളുമുണ്ട്.

ഇക്കാരണത്താലാണ് ഈ വിഭാഗങ്ങൾക്കിടയിലെ തർക്കങ്ങൾ വളരെ കൂടുതലായത്. ഓരോ വിഭാഗവും തങ്ങൾ മാത്രമാണ് സത്യത്തിലെന്നും ബാക്കിയുള്ളവർ അസത്യത്തിലാണെന്നും കരുതി. കാരണം അവർ സ്ഥിരതയുള്ള വിജ്ഞാനത്തിന്റെ അടിസ്ഥാനങ്ങളിലേക്ക് മടങ്ങുന്നില്ല, തർക്കമുണ്ടാകു

മ്പോൾ ഖുർആനിലേക്കും സുന്നത്തിലേക്കും തിരിയുന്നുമില്ല. അങ്ങനെ അവർക്കിടയിൽ പിണക്കങ്ങളും തർക്കങ്ങളും വ്യാപിച്ചു. സൂഫിസത്തിനുള്ളിൽതന്നെ പല ഗ്രൂപ്പുകളും പാർട്ടികളും ഉണ്ടായി. ഏതുവരെയെന്നാൽ ഒരു വിഭാഗത്തിനുള്ളിൽതന്നെ ഒരുപാട് ശാഖകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി.

എന്തുകൊണ്ടാണ് അവർ ഇത്തരത്തിൽ ഭിന്നിച്ചു നിൽക്കുന്നത്? ഇതിനുള്ള ഉത്തരം എപ്പോഴും സൂഫികളുടെ 'അറിവ് സ്വീകരിക്കുന്ന സ്രോതസ്സുകളിൽ' ആയിരിക്കും. കാരണം അവർ വിജ്ഞാനമോ ശരീഅത്തോ സ്വീകരിക്കുന്ന ഒരൊറ്റ സ്രോതസ്സിലല്ല വിശ്വസിക്കുന്നത്; അവർ ഖുർആനിലും സുന്നത്തിലും മാത്രം പരിമിതപ്പെടുന്നില്ല, മറിച്ച് ആർക്കും എളുപ്പത്തിൽ നിർമിക്കാൻ കഴിയുന്ന മറ്റു സ്രോതസ്സുകളും അവർ കൂട്ടിച്ചേർക്കുന്നു:

*1. ഇൽഹാം (പ്രചോദനം):* ശൈഖും മുരീദും തങ്ങളുടെ ഹൃദയത്തിൽ തോന്നുന്ന വികാരത്തെയോ മനസ്സിൽ വരുന്ന ചിന്തയെയോ അല്ലാഹുവിൽനിന്ന് നേരിട്ട് വന്ന ഒരു പ്രചോദനമായി വിശ്വസിക്കുന്നു, ഈ ചിന്ത ശരീഅത്തിന് വിരുദ്ധമായാൽ പോലും!

*2. ദൗക് (ആസ്വാദനം), വജ്ദ് (ആത്മീയ ഉന്മാദം):* സൂഫി അനുഭവിക്കുന്ന ഏത് വികാരത്തെയും മാനസികാവസ്ഥയെയും താൻ പോകുന്ന വഴി ശരിയാണെന്നതിന് തെളിവായി അവൻ കണക്കാക്കുന്നു; അവന്റെ വഴി ഖുർആനിനും സുന്നത്തിനും വിരുദ്ധമായാൽ പോലും!

*3.കശ്ഫ് (ദിവ്യബോധനം):* അദൃശ്യമായ കാര്യങ്ങളും മതപരമായ യാഥാർഥ്യങ്ങളും വെളിപ്പെടുത്താൻ തനിക്ക് കഴിവുണ്ടെന്ന് ശൈഖ് അവകാശപ്പെടാൻ തുടങ്ങുന്നു. അല്ലാഹുവിൽനിന്ന് നേരിട്ടോ പ്രവാചകനിൽനിന്നോ മലക്കുകളിൽനിന്നോ അല്ലെങ്കിൽ ഖിള്ർ(അ) വഴിയോ ആണ് ഈ വിവരങ്ങൾ തനിക്കു ലഭിക്കുന്നത് എന്നാണ് അവകാശവാദം! ഒരാൾ ത്വരീക്വത്തിന്റെ ശൈഖ് ആയിരിക്കുന്നിടത്തോളം കാലം മുരീദുകൾ അയാളുടെ ഈ കള്ളമെല്ലാം അപ്പടി വിശ്വസിക്കും!

ശൈഖ് തന്നിലേക്ക് കൂടുതൽ മുരീദുകളെ ആകർഷിക്കാനും താൻ അല്ലാഹുവിന്റെ വലിയൊരു വലിയ്യാണെന്ന് അവരുടെ മുമ്പിൽ തെളിയിക്കാനും താൻ ചെയ്യുന്നതെല്ലാം കറാമത്തുകളാണെന്ന് വരുത്തിത്തീർക്കാനും ഒരുപാട് ശരീഅത്ത് വിരുദ്ധ കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതനാകുന്നു. ഓരോ ശൈഖും തന്റെ തന്നിഷ്ടത്തെയോ മനസ്സിന്റെ തോന്നലുകളെയോ പിന്തുടരുന്നു. മുരീദ് തന്റെ ശൈഖ് പറഞ്ഞതെല്ലാം അപ്പടി പിന്തുടരുന്നു. ഓരോ ശെഖിനും ഓരോ മതം! അവരിലെ ഓരോ ഗ്രൂപ്പും തങ്ങൾ മാത്രമാണ് രക്ഷപ്പെട്ട വിഭാഗമെന്നും (അൽഫിർക്വത്തുന്നാജിയ) മറ്റുള്ളവർ വഴിപിഴച്ചവരാണെന്നും വിശ്വസിച്ചു.

### പണ്ഡിതന്മാരുടെ അന്തിമ നിലപാടുകൾ

ഇമാം ശാഫിഈ പറഞ്ഞു: "ഒരാൾ പകലിന്റെ തുടക്കത്തിൽ സൂഫിയായാൽ ദ്വുഹ്ർ (ഉച്ച) സമയം എത്തുമ്പോഴേക്കും അവൻ വിഡ്ഢിയായി മാറും." തസവ്വുഫ് ബുദ്ധി നഷ്ടപ്പെടുത്തുന്നതിലേക്കും അല്ലാഹു യാതൊരു പ്രമാണവും ഇറക്കാത്ത ആചാരങ്ങളിൽ മുഴുകുന്നതിലേക്കും നയിക്കുകയും ജോലികളിൽ നിന്നും യഥാർഥ ആരാധനകളിൽനിന്നും മനുഷ്യനെ അകറ്റിക്കളയും ചെയ്യുമെന്ന് അദ്ദേഹം മനസ്സിലാക്കി.

**അതിരുകടന്ന സൂഫി ത്വരീഖത്തുകളെ വിമർശിച്ച ആധുനികരായ ഒരുപാട് പണ്ഡിതന്മാരുമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ശൈഖ് തഖിയുദ്ദീൻ അൽഹിലാലിയാണ്. അദ്ദേഹം അടിസ്ഥാനപരമായി ഒരു സൂഫിയായിരുന്നു. എന്നാൽ താൻ പോകുന്ന വഴി ബാത്വിലാണെന്നും യഥാർഥ വഴി ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങലാണെന്നും കണ്ടെത്തിയപ്പോൾ അദ്ദേഹം സൂഫിസം ഉപേക്ഷിച്ചു.**

ഇമാം അഹ്മദ് ഇബ്നു ഹൻബൽ സൂഫികളുടെ പുസ്തകങ്ങൾ വായിക്കുന്നതിനെതിരെ -പ്രത്യേകിച്ച് അദ്ദേഹത്തിന്റെ കാലത്തെ ഹാരിസ് അൽമുഹാസിബിയുടെ പുസ്തകങ്ങൾക്കെതിരെ- മുന്നറിയിപ്പു നൽകി. അയാളെ പിന്തുടരുന്നതിനെതിനെയും അയാളുടെ മരണശേഷം ശിഷ്യന്മാരെ പിന്തുടരുന്നതിനെയും അദ്ദേഹം കർശനമായി വിലക്കി.

ഇമാം ഇബ്നു തൈമിയ്യ ക്വുർആനും സുന്നത്തും പിന്തുടരുന്നതിലൂടെയുണ്ടാകുന്ന യഥാർഥ വിലായത്തും അടിസ്ഥാനപരമായി കൺകെട്ടിലും അന്ധവിശ്വാസത്തിലും അധിഷ്ഠിതമായ വ്യാജവിലായത്തും തമ്മിൽ വേർതിരിച്ചുകാണിച്ചു. അക്കാലത്ത് അവകാശപ്പെട്ടിരുന്ന വ്യാജ കറാമത്തുകളെ അദ്ദേഹം തുറന്നുകാട്ടുകയും ഇതെല്ലാം വെറും കൺകെട്ടുവിദ്യ മാത്രമാണെന്ന് ജനങ്ങൾക്ക് വിവരിച്ചുകൊടുക്കുകയും ചെയ്യുമായിരുന്നു

ഇമാം ഇബ്നുൽ ജൗസി തന്റെ 'തൽബീസു ഇബ്‌ലീസ്' എന്ന ഗ്രന്ഥത്തിൽ പിശാച് എങ്ങനെയാണ് സൂഫികളെ വഴിതെറ്റിച്ചതെന്നും അവരെ വിജ്ഞാനം ഉപേക്ഷിച്ച് വിചിത്രമായ ആചാരങ്ങളുടെയും വഴികളുടെയും പിന്നാലെ നടത്താൻ പ്രേരിപ്പിച്ചതെന്നും വിശദീകരിക്കുന്നുണ്ട്. അബൂസുർഅത്ത് അദ്ദിമശ്ഖിയോട് സൂഫികളുടെ പുസ്തകങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'സൂക്ഷിക്കുക, ഇവ ബിദ്അത്തിന്റെയും വഴിപിഴപ്പിന്റെയും പുസ്തകങ്ങളാണ്.' അപ്പോൾ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: 'ഈ പുസ്തകങ്ങളിൽ ഗുണപാഠങ്ങൾ (ഇബ്റത്ത്) ഇല്ലേ?' അദ്ദേഹം പറഞ്ഞു: 'ആർക്കാണോ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ (ക്വുർആനിൽ) ഗുണപാഠമില്ലാത്തത്, അവന് ഈ പുസ്തകങ്ങളിൽ യാതൊരു ഗുണ പാഠവുമില്ല.'

അതിരുകടന്ന സൂഫി ത്വരീഖത്തുകളെ വിമർശിച്ച ആധുനികരായ ഒരുപാട് പണ്ഡിതന്മാരുമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ശൈഖ് തഖിയുദ്ദീൻ അൽഹിലാലിയാണ്. അദ്ദേഹം അടിസ്ഥാനപരമായി ഒരു സൂഫിയായിരുന്നു. എന്നാൽ താൻ പോകുന്ന വഴി ബാത്വിലാണെന്നും യഥാർഥ വഴി ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങലാണെന്നും കണ്ടെത്തിയപ്പോൾ അദ്ദേഹം സൂഫിസം ഉപേക്ഷിച്ചു.

ശരിയായ സ്വർഗപാത വ്യക്തവും നിർവചിക്കപ്പെട്ടതുമാണ്. വിശുദ്ധ ക്വുർആനിൽനിന്നും പ്രവാചകന്റെ സുന്നത്തിൽ നിന്നുമാണത് കണ്ടെത്താനാവുക.

*(അവസാനിച്ചു)*






**മിസൈലുകളും ഡ്രോണുകളുമായി സൗദി അറേബ്യയെ നിരന്തരം ലക്ഷ്യമിടുന്ന ഹൂഥി നീക്കങ്ങൾക്ക് പിന്നിലെ രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ സമവാക്യങ്ങൾ എന്താണ്? ആഗോള മാധ്യമങ്ങളിലും സമൂഹമാധ്യമ അൽഗോരിതങ്ങളിലും നിറയുന്ന അപനിർമിതികൾക്കപ്പുറം യെമൻ എന്ന ചരിത്രഭൂമിയുടെ യാഥാർഥ്യമെന്ത്? മുഹമ്മദ് നബിക്ക് മുമ്പുള്ള ചരിത്രഘട്ടങ്ങൾ തൊട്ട് സൈദി ഇമാമിയ്യ ഭരണവും കോളനിവാഴ്ചയും വഴി ഇന്നത്തെ ഹൂഥി പ്രതിസന്ധി വരെ നീളുന്ന യെമന്റെ സങ്കീർണമായ ഭൗമരാഷ്ട്രീയ പരിണാമങ്ങളെ കൃത്യമായി അടയാളപ്പെടുത്തുന്ന ലേഖന പരമ്പര**

# യെമൻ, ഇസ്‌ലാം, ഹൂഥി, സൗദി;
## ചരിത്രവും യാഥാർഥ്യവും

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

(യെമൻ എന്ന രാജ്യത്തിന്റെയും ലോക മുസ്‌ലിംകളുടെ പുണ്യകേന്ദ്രങ്ങളായ ഇരുഹറമുകളെ പോലും ലക്ഷ്യമിട്ട് ആക്രമണം നടത്തുന്ന ഹൂഥികളുടെയും ചരിത്രത്തിലേക്കൊരു തിരിഞ്ഞു നോട്ടം; ലേഖന പരമ്പര ആരംഭിക്കുന്നു)

സൗദി അറേബ്യക്കെതിരെ യെമനിലെ ഹൂഥികൾ ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ച് നടത്തുന്ന ഭീകരാക്രമണങ്ങളെക്കുറിച്ചുള്ള വാർത്തകളിൽ നടുങ്ങിയിരിക്കുകയാണ് ലോകം. സൗദി അറേബ്യയുടെ സാമ്പത്തിക സ്രോതസ്സുകളായ അരാംകോ റിഫൈനറികളിൽ നടത്തുന്ന ആക്രമണങ്ങളും ചെങ്കടലിലെ നാവിക ഉപരോധങ്ങളും മാത്രമല്ല സാധാരണക്കാർ ഇടപഴകുന്ന വിമാനത്താവളങ്ങളിലും ആക്രമണങ്ങൾ തുടരുകയാണ് ഹൂഥികൾ. തീർഥാടകർ ധാരാളമെത്തുന്ന മക്കയിലും മദീനയിലും അവർ ആക്രമണങ്ങൾ നടത്തിയതായും വാർത്തകളുണ്ട്. ഇന്ത്യ

**1500നു ശേഷം യൂറോപ്യൻമാർ-വിശിഷ്യാ പോർച്ചുഗീസുകാർ-ഈ മേഖലയിൽ മേൽക്കോയ്മക്ക് ശ്രമിച്ചു. വാസ്കോ ഡ ഗാമ ഏദൻ തുറമുഖം ഒഴിവാക്കിയിരുന്നെങ്കിലും അൽബുക്കർക്ക് ഏദൻ ഉപയോഗിക്കാൻ ശ്രമം നടത്തി. അറബികളുടെ ചെറുത്തുനിൽപിൽ പിൻവാങ്ങേണ്ടി വന്നു. അറബ് മേഖലയിലേക്കുള്ള യൂറോപ്യന്മാരുടെ താൽപര്യം മനസ്സിലാക്കിയ തുർക്കി കേന്ദ്രമായുള്ള ഓട്ടോമൻ ഖിലാഫത്ത് മംലൂക്കുകളെ യെമനിൽ നിന്ന് പുറത്താക്കി അധികാരം പിടിച്ചെടുത്തു.**

യിൽനിന്നും ബംഗ്ലാദേശിൽനിന്നും പുറപ്പെട്ട ഉംറ തീർഥാടകരും ഹൂഥി ആക്രമണങ്ങളിൽ റിയാദ് എയർപോർട്ടിൽവച്ച് കൊല്ലപ്പെട്ടു. ഇതിനകം പതിനാറു പേർ കൊല്ലപ്പെടുകയും നാനൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇന്ത്യൻ പൗരനായ മുഹമ്മദ് യൂസുഫലി (ഹൈദരാബാദ്), ബംഗ്ലാദേശിലെ പ്രബോധകൻ മുഫ്തി നസ്റുല്ല എന്നിവർ കൊല്ലപ്പെട്ടവരിലുണ്ട്. കേരളത്തിൽനിന്നുള്ള ഉംറ തീർഥാടകരും റിയാദ് വിമാനത്താവളത്തിൽ തലനാരിഴക്കാണ് രക്ഷപ്പെട്ടത്.

യെമനിൽനിന്നുള്ള 'ഹൂഥികൾ' എന്നറിയപ്പെടുന്ന തീവ്രവിഭാഗം എന്തിനാണ് സൗദി അറേബ്യക്കെതിരെ ആക്രമണങ്ങൾ അഴിച്ചുവിടുന്നത് എന്നതിനെക്കുറിച്ചുള്ള ഒരു ചരിത്രാന്വേഷണം അനിവാര്യമായിരിക്കുകയാണ്. ആരെല്ലാമോ ഉണ്ടാക്കിവച്ച ചരിത്രത്തിന്റെ അപനിർമിതികളും നിർമിതബുദ്ധിയുടെ അൽഗോരിതങ്ങളും പടച്ചുവിടുന്ന അസത്യങ്ങളിലും അർധസത്യങ്ങളിലും സാധാരണക്കാർ നട്ടം തിരിയുകയാണ്. യെമൻ എന്ന രാജ്യത്തിന്റെ ചരിത്രവും വിവിധ ദശാസന്ധികളിൽ അതിനുണ്ടായ പരിണാമങ്ങളും അവിടങ്ങളിൽ സ്വാധീനിക്കപ്പെട്ട നിരവധി പ്രത്യയശാസ്ത്രങ്ങളും പഠനവിധേയമാക്കേണ്ടതുണ്ട്.

## യെമൻ ഇസ്‌ലാമിനു മുമ്പ്

വിശുദ്ധഖുർആനിലും ഹദീസുകളിലും യെമൻ ഒട്ടേറെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. നംല്, സബഅ് സൂറത്തുകളിൽ വിവരിക്കപ്പെട്ട 'സബഅ്' ഗോത്രവും സൂറത്തുൽ അഹ്കാഫിൽ പറയപ്പെട്ട അഹ്കാഫും ദുഖാൻ, ഖാഫ് എന്നീ അധ്യായങ്ങളിൽ വന്നിട്ടുള്ള 'തുബ്ബഅ്' എന്ന ഹിംയർ എന്ന രാജവംശവും ജീവിച്ചിരുന്നത് ഇന്നത്തെ യെമൻ പ്രദേശത്തായിരുന്നു. ഹൂദ് നബി(അ)യും സുലൈമാൻ നബി(അ)യിൽ വിശ്വസിച്ച ബൽഖീസ് എന്നറിയപ്പെടുന്ന സബഇലെ രാജ്ഞിയുമെല്ലാം ഇവിടെയായിരുന്നു ജീവിച്ചിരുന്നത്. മുഹമ്മദ് നബി(സ്വ)യുടെ ജനനകാലത്ത് പ്രസ്തുത പ്രദേശം ഹിംയർ വംശജനായ അബ്റഹത്ത് ആയിരുന്നു ഭരിച്ചിരുന്നത്. സൂറത്തുൽ ഫീലിൽ വിവരിക്കപ്പെട്ട കഅ്ബ തകർക്കാൻ വന്ന 'അസ്ഹാബുൽ ഫീൽ' എന്ന ആനപ്പടയെ നയിച്ചിരുന്നത് അബ്റഹത്തായിരുന്നു. ഷേബാ രാജ്ഞിയെക്കുറിച്ചും ഹദ്റമൗത് പ്രദേശത്തെക്കുറിച്ചും യെമന്റെ തെക്കൻ തീരപ്രദേശങ്ങളെക്കുറിച്ചും ബൈബിളും പരാമർശിക്കുന്നുണ്ട്. ആർദ്രഹൃദയവും വിവേകവുമുള്ളവർ എന്ന പ്രവാചകന്റെ പ്രശംസക്ക് പാത്രീഭൂതരായ സമൂഹമാണ് യെമനികൾ.

## പേരും പട്ടണങ്ങളും

മുഹമ്മദ് നബി(സ്വ)ക്ക് മുമ്പ്, ക്രിസ്താബ്ദം മുന്നൂറിൽ ജീവിച്ചിരുന്ന ഹിംയർ ചക്രവർത്തി ശമർ യഹ്റിഇശ് യെമൻ പ്രദേശങ്ങളെ ഏകീകരിക്കുകയും തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന സ്ഥലം എന്ന അർഥത്തിൽ 'യമനാത്ത്' എന്നു നാമകരണം ചെയ്യുകയും ചെയ്തു എന്നാണ് ചരിത്രം. ഈ പദത്തിൽ നിന്നാണ് 'യെമൻ' എന്ന പേര് ഉത്ഭവി

**1934ൽ സൗദി അറേബ്യയുമായി താഇഫിൽവച്ച് ഉടമ്പടിയിൽ ഒപ്പുവെച്ചു. അസീർ, നജ്റാൻ, ജിസാൻ തുടങ്ങിയ പ്രദേശങ്ങൾ സൗദി അറേബ്യക്കാണെന്ന് അംഗീകരിച്ചുകൊണ്ട് അതിന്മേൽ ഇനി അവകാശവാദം ഉന്നയിക്കുകയില്ല എന്ന് മുതവക്കിലേറ്റ് കിംഗ്ഡം സമ്മതിച്ച് ഒപ്പുവച്ചു. അതോടൊപ്പം അൽഹുദൈദ് തീരപ്രദേശങ്ങൾ ഉത്തര യെമന്റെതാണെന്ന് സമ്മതിച്ചു കൊണ്ട് ഇബ്നു സുഊദും ഒപ്പുവെച്ചു.**

ച്ചത്. ഉത്തര യെമൻ, ദക്ഷിണ യെമൻ എന്നിങ്ങനെ ചരിത്രത്തിൽ യെമൻ രണ്ടു പ്രദേശങ്ങളായിട്ടാണ് ഉണ്ടായിരുന്നത്. ഉത്തര യെമനിലെ പ്രധാന നഗരങ്ങളാണ് സ്വൻആ, തഇസ്, ഹുദൈദ, സ്വഅദ, ദമ്മാജ്, ഇബ്ബ്, മഅ്രിബ്, ഹജ്ജ, ദമാർ, യരീം, അംറാൻ എന്നിവ. ഏദൻ, മുകല്ല, സിൻജിബാർ, ഗൈദാ എന്നീ തീരദേശ നഗരങ്ങൾ, ഹദറമൗത്തിലെ സൈഊൻ, തരീം, ശബാം എന്നിവയാണ് ദക്ഷിണ യെമനിലെ പ്രധാന നഗരങ്ങൾ.

### യെമൻ പ്രവാചക കാലത്ത്

പ്രസിദ്ധരായ സ്വഹാബിമാരിലൂടെയാണ് ഇസ്‌ലാം യെമനിൽ എത്തിയത്. ഹിജ്റ 9ൽ ഹദറമൗതിൽ നിന്നും മദീനയിലെത്തി ഇസ്‌ലാം സ്വീകരിച്ച സ്വഹാബിയാണ് വാഇലുബ്നു ഹിജ്ർ(റ). ദക്ഷിണ യെമനിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിന് കാരണമായത് അദ്ദേഹത്തിന്റെ ഇസ്‌ലാം ആശ്ലേഷണമാണ്. ഹിജ്റ ഒമ്പതിൽ തന്നെയായിരുന്നു പ്രവാചകൻ(സ്വ) മുആദ് ബ്നു ജബലി(റ)നെ യെമനിലേക്കയച്ചത്. അദ്ദേഹത്തിന് പ്രവാചകൻ നൽകിയ ഉപദേശം പ്രസിദ്ധമാണ്. 'യെമനിലെ വേദക്കാരിലേക്കാണ് താങ്കൾ പോകുന്നത്. ഒന്നാമതായി അവരെ തൗഹീദിലേക്ക് ക്ഷണിക്കുക, അത് അംഗീകരിച്ചു കഴിഞ്ഞാൽ മാത്രം നമസ്കാരം, സകാത്ത് തുടങ്ങിയ ഇസ്‌ലാം കാര്യങ്ങൾ പഠിപ്പിക്കുക' എന്നതായിരുന്നു പ്രധാന ഉപദേശം. ജനങ്ങൾക്ക് സന്തോഷം നൽകുക, അവരെ വെറുപ്പിക്കാതിരിക്കുക തുടങ്ങിയ ഉപദേശങ്ങളും നൽകി. അദ്ദേഹം അൽജനദ് എന്നറിയപ്പെട്ടിരുന്ന ഇപ്പോഴത്തെ ഉത്തര യെമനിലെ തഇസിൽ ആയിരുന്നു കേന്ദ്രീകരിച്ചിരുന്നത്. തഇസിലെ മസ്ജിദ് മുആദ് വളരെ പ്രസിദ്ധമാണ്.

പ്രവാചകന്റെ മക്കാജീവിത കാലത്തു തന്നെ യെമനിലെ സബിദ് നഗരത്തിൽനിന്നും മക്കയിലെത്തി ഇസ്‌ലാം സ്വീകരിച്ച സ്വഹാബിയാണ് അബ്ദുല്ലാഹിബ്നു ഖൈസ് എന്ന അബൂമൂസൽ അശ്അരി(റ). മുആദി(റ)ന്റെ കൂടെ അബൂമൂസ(റ)യും യെമനിലേക്ക് പോയിരുന്നു. മുആദ്(റ) തഇസിൽ കേന്ദ്രീകരിച്ചപ്പോൾ അബൂമൂസ(റ) പ്രബോധനം ചെയ്തത് സ്വന്തം നാടായ സബിദിലും പടിഞ്ഞാറൻ തീരദേശങ്ങളിലുമായിരുന്നു.

ഹിജ്റ പത്തിൽ പ്രവാചകൻ(സ്വ) അലി(റ)യെ യെമനിലേക്കയച്ചു. സ്വൻആയിലെ സൂകുൽമിഖ്‌ലാഫിൽവച്ച് അദ്ദേഹം വായിച്ചുകേൾപിച്ച പ്രവാചക സന്ദേശമാണ് സ്വൻആയിലെ ഹമദാൻ ഗോത്രത്തെ ഇസ്‌ലാമിലെത്തിച്ചത്. അലി(റ)യുടെ ആഗമനത്തോടെ യെമനിൽ ജനങ്ങൾ പൊതുവിൽ ഇസ്‌ലാം സ്വീകരിച്ചു തുടങ്ങി. അമ്മാർ ഇബ്നു യാസിർ(റ), അബൂഹുറയ്റ(റ), ഫൈറൂസുദൈലമി(റ), അബൂ ആമിറുൽ അശ്അരി(റ), അശ്അസുബ്നു ഖൈസ്(റ) തുടങ്ങിയ പ്രസിദ്ധരായ സ്വഹാബിമാരും യെമനിൽനിന്നുള്ളവരാണ്.

### അഹ്‌ലുസ്സുന്നയും ഇമാം ശാഫിഈയും

ഖുലഫാഉർറാശിദുകളുടെ അവസാന കാലങ്ങളിൽ മുസ്‌ലിംകൾക്കിടയിലുണ്ടായ രാഷ്ട്രീയ ഭിന്നത യെമനെയും ബാധിച്ചു. 657ലെ സ്വിഫീൻ യുദ്ധത്തിൽ സ്വൻആയിലെ ഹമദാൻ, കിന്ദ ഗോത്രങ്ങൾ അലി (റ)യുടെ കൂടെ അണിനിരന്നപ്പോൾ മറ്റു ഗോത്രങ്ങൾ മുആവിയ(റ)യുടെ കൂടെ നിന്നു. 661 മുതൽ യെമൻ ഉമവിയ്യാക്കളുടെ ഭരണത്തിൻ കീഴിലായി. 745ൽ ഇബാദികൾ ഉമവിയ്യാക്കളിൽനിന്നും ഭരണം പിടിച്ചെടുത്തെങ്കിലും അധികം നീണ്ടുനിന്നില്ല. ഖുലഫാഉകളുടെ കാലം കഴിഞ്ഞ് രാഷ്ട്രീയ ഭിന്നത വിശ്വാസപരമായ വേർതിരിവിലേക്ക് എത്തിക്കൊണ്ടിരുന്ന കാലത്താണ് ഇമാം ശാഫിഈ

യെമനിൽ എത്തിച്ചേരുന്നത്. 795ൽ എത്തിയ അദ്ദേഹം അഞ്ചു വർഷം അവിടെ ജീവിച്ചു. അദ്ദേഹത്തിന്റെ സാന്നിധ്യം അഹ്ലുസ്സുന്നയുടെ ആശയങ്ങൾക്ക് യെമനിൽ ശക്തി പകർന്നു. ശാഫിഈ മദ്ഹബിന് മേധാവിത്വമുണ്ടാവുകയും ചെയ്തു.

**യെമനിലെ ശിയാ ഉത്ഭവം**

ക്രിസ്താബ്ദം 897ൽ ഒന്നാം സൈദി ഇമാം എന്ന പേരിലറിയപ്പെടുന്ന യഹ്‌യ ഇബ്നുൽ ഹുസൈൻ എത്തിയതോടെ യെമനിൽ 'സൈദിയ്യാ' എന്ന ശിയാ വിഭാഗത്തിന് തുടക്കമായി. ഇസ്നാഅശരികൾ അടക്കമുള്ള ശിയാക്കളുടെ പന്ത്രണ്ട് ഇമാമുകളിൽ അഞ്ചാമത്തേത് ഹുസൈൻ(റ)വിന്റെ പേരമകൻ മുഹമ്മദ് ബ്നു അലി അൽബാഖിർ ആണ്. എന്നാൽ സൈദികൾ അത് അംഗീകരിക്കുന്നില്ല. ഹസൻ(റ)വിന്റെ പൗത്രൻ സൈദ്ബ്നു അലി ആണ് അഞ്ചാമത്തെ ഇമാം എന്നാണ് അവരുടെ വാദം. 'ഹാദി ഇലൽ ഹഖ്' എന്നറിയപ്പെട്ടിരുന്ന ഇമാം യഹ്‌യ പ്രവർത്തനകേന്ദ്രമായി തെരഞ്ഞെടുത്തത് സൗദി-യെമൻ അതിർത്തിയിലുള്ള ഇന്നത്തെ ഹൂഥികളുടെ കേന്ദ്രമായ 'സ്വഅദ' എന്ന ദുർഘടമായ മലമ്പ്രദേശമായിരുന്നു. സൈദികളുടെ ആഗമനത്തോടെ മുസ്‌ലിം സമൂഹം സുന്നി, ശിയാ എന്നിങ്ങനെ രണ്ടു സമൂഹങ്ങളായി. ശിയാ സൈദികൾ ഉത്തര യെമനിൽ ശക്തിയാർജിച്ചെങ്കിൽ സുന്നികൾ ദക്ഷിണ യെമനിലാണ് കേന്ദ്രീകരിച്ചത്. ഇപ്പോൾ ഉത്തര യെമനിൽ സുന്നി-ശിയാ വിഭാഗങ്ങൾ ഏകദേശം തുല്യമാണ്. എന്നാൽ ദക്ഷിണ യെമനിൽ ശിയാ വിഭാഗം ഒട്ടും തന്നെയില്ല എന്നു പറയാം.




**യെമൻ വിവിധ കാലങ്ങളിൽ**

ഖുലഫാഉകളുടെ കാലത്തിനു ശേഷം യെമൻ സങ്കീർണമായ നിരവധി ഗോത്ര, വംശ, രാഷ്ട്രീയ വിഭാഗങ്ങളുടെ ഭരണങ്ങൾക്കു കീഴിൽ പരസ്പരം പോരാടിയും ഭിന്നിച്ചും ഒന്നിച്ചും ചരിത്രത്തിന്റെ ദശാസന്ധികളിലൂടെ മുന്നോട്ടുപോയി. സിയാദി, യുഫ്രീദി, സുലൈഹി, സുറൈഇ, അയ്യൂബി, റസൂലി, ത്വാഹിരി, മംലൂക് തുടങ്ങിയ വിഭാഗങ്ങൾ യെമൻ ഭരിച്ചവയിൽ ചിലത് മാത്രമാണ്.

**ഓട്ടോമൻ ഖിലാഫത്തും സൈദികളുടെ ചെറുത്തുനിൽപ്പും**

1500നു മുമ്പ് ഇന്ത്യ, ചൈന രാജ്യങ്ങളുമായി കൂടുതൽ വാണിജ്യ ബന്ധമുണ്ടായിരുന്നത് അറബികൾക്കായിരുന്നു. അവരുടെ പ്രധാന തുറമുഖമായിരുന്നു യെമനിലെ ഏദൻ തുറമുഖം. എന്നാൽ 1500നു ശേഷം യൂറോപ്യൻമാർ-വിശിഷ്യാ പോർച്ചുഗീസുകാർ-ഈ മേഖലയിൽ മേൽക്കോയ്മക്ക് ശ്രമിച്ചു. വാസ്കോ ഡ ഗാമ ഏദൻ തുറമുഖം ഒഴിവാക്കിയിരുന്നെങ്കിലും അൽബുക്കർക്ക് ഏദൻ ഉപയോഗിക്കാൻ ശ്രമം നടത്തി. അറബികളുടെ ചെറുത്തുനിൽപിൽ പിൻവാങ്ങേണ്ടിവന്നു. അറബ് മേഖലയിലേക്കുള്ള യൂറോപ്യന്മാരുടെ താൽപര്യം മനസ്സിലാക്കിയ തുർക്കി കേന്ദ്രമായുള്ള ഓട്ടോമൻ ഖിലാഫത്ത് മംലൂക്കുകളെ യെമനിൽ നിന്ന് പുറത്താക്കി അധികാരം പിടിച്ചെടുത്തു.

897 മുതൽ ഉത്തര യെമനിലെ സൈദി ഇമാമുമാർ ആത്മീയകാര്യങ്ങളിൽ മാത്രമായിരുന്നു ശ്രദ്ധിച്ചിരുന്നത്. വിവിധ വംശ

ങ്ങളും ഗോത്രങ്ങളും അവിടെ ഭരിച്ചപ്പോഴൊന്നും സൈദികൾ കാര്യമായ ഇടപെടലുകൾ നടത്തിയിരുന്നില്ല. എന്നാൽ ഓട്ടോമൻ ഖിലാഫത്തിന്റെ സ്വഭാവം രാഷ്ട്രീയകാര്യങ്ങളിൽ മാത്രം പരിമിതമല്ലാത്തതുകൊണ്ടും മതവിഷയങ്ങളിൽ അവരുടെ സുന്നി ആഭിമുഖ്യംകൊണ്ടും സൈദികൾ ഓട്ടോമൻ ഖിലാഫത്തിനെ എതിർത്തു.

ആത്മീയ കാര്യങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന അവർ രാഷ്ട്രീയവും ഭരണപരവുമായ കാര്യങ്ങളിൽ തുർക്കികളുമായി സമരത്തിലേർപ്പെട്ടു. 1597ൽ ഹസൻ(റ)വിന്റെ പരമ്പരയിൽ പെട്ട ആളെന്ന് അവർ അവകാശപ്പെടുന്ന അവരുടെ ഇമാം മൻസൂർ അൽകാസിമിന്റെ നേതൃത്വത്തിൽ കാസിമിയ്യ ഭരണകൂടം സ്ഥാപിച്ചു. ഹാശിമി കുടുംബത്തിൽനിന്നെന്ന് അവർ അവകാശപ്പെടുന്ന അവരുടെ ഇമാം തന്നെയായിരുന്നു രാഷ്ട്രത്തലവൻ. അവർ നടത്തിയ പോരാട്ടങ്ങൾക്കൊടുവിൽ ഓട്ടോമൻ ഭരണാധികാരികൾക്ക് 1635ൽ യെമന്റെ എല്ലാ ഭാഗങ്ങളും ഒഴിവാക്കി മടങ്ങേണ്ടിവന്നു.

**സൈദികൾ സ്ഥാപിച്ച കാസിമിയ്യ സാമ്രാജ്യം**

1635ൽ സൈദികൾക്ക് കിട്ടിയ ഈ സുവർണാവസരം അവർ ശരിക്കും മുതലാക്കി. അവരുടെ കാസിമിയ്യ സാമ്രാജ്യം ഉത്തര യെമനിൽ മാത്രമല്ല, യെമന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിച്ചു. കാപ്പിയുടെ ഉപഭോഗം ലോകത്ത് വർധിച്ചതോടെ ഏറ്റവും കൂടുതൽ കാപ്പി കൃഷി ചെയ്യുന്ന രാജ്യമെന്ന നിലയ്ക്ക് യെമൻ ഈ കാലത്ത് സാമ്പത്തിക വളർച്ച നേടി. എന്നാൽ

**ദേശീയവാദികളെ പിന്തുണച്ചുകൊണ്ട് എഴുപതിനായിരത്തോളം ഈജിപ്ഷ്യൻ സൈനികർ നിലയുറപ്പിച്ചു. സൈദി ഭരണകൂടത്തിന് ബ്രിട്ടീഷ് ഇന്റലിജൻസ് മുഖേന ഇസ്രാഈലിന്റെ രഹസ്യസഹായം ലഭിച്ചു. യെമൻ യുദ്ധത്തിൽ ഈജിപ്തിന് വിജയമുണ്ടായാലുള്ള പ്രത്യാഘാതങ്ങളാണ് ഇസ്രാഈലിനെ ഈ രഹസ്യ സഹായത്തിനു പ്രേരിപ്പിച്ചത്. ഇസ്രാഈലി പാരച്യൂട്ടുകൾ ഉത്തര യെമന്റെ പർവതനിരകളുടെ ആകാശത്ത് കണ്ടപ്പോൾ അവിടെയുള്ള സൈദികളായ ഗോത്രവർഗക്കാർ അത് തങ്ങളുടെ ഇമാമിന് ലഭിച്ച ദൈവസഹായമാണെന്നു തെറ്റിദ്ധരിച്ചു.**

പിന്നീട് ഇന്തോനേഷ്യയും മറ്റും കാപ്പി കയറ്റുമതി ആരംഭിച്ചതോടെ യെമന്റെ പ്രൗഢി കുറഞ്ഞു. അതിനിടക്ക് സൈദികളിലെ ഗോത്ര വിഭാഗങ്ങൾക്കിടയിലുണ്ടായ അന്തഛിദ്രത കാസിമിയ്യ ഭരണകൂടത്തിന്റെ ശക്തി ക്ഷയിപ്പിച്ചു. അവരുടെ അധികാരം സ്വൻആയിലേക്ക് ചുരുങ്ങുകയും ബ്രിട്ടീഷുകാർ യെമന്റെ അധികാരം കൈക്കലാക്കുകയും ചെയ്തു.

**യെമൻ ബ്രിട്ടീഷ് ഭരണത്തിൽ**

1600ൽ രൂപംകൊണ്ട ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി ആദ്യ രണ്ടു നൂറ്റാണ്ടുകൾ ദക്ഷിണാഫ്രിക്കയിലെ കേപ് ഓഫ് ഗുഡ് ഹോപ്പിലൂടെയായിരുന്നു ചരക്കുകൾ കൊണ്ടുപോയിരുന്നത്. യാത്രാദൂരവും ചെലവും ലഘൂകരിക്കാൻവേണ്ടി ഏദൻ തുറമുഖം അനിവാര്യമെന്ന് മനസ്സിലാക്കിയ അവർ 1839ൽ ഏദൻ ഉൾക്കൊള്ളുന്ന ദക്ഷിണ യെമനിനെ കോളനിയാക്കി. 'ഏദൻ സെറ്റിൽമെന്റ്' എന്നറിയപ്പെട്ട പ്രദേശം 1937 വരെ ബോംബെ പ്രസിഡൻസിയുടെ ഭാഗമായിരുന്നു. 1937ൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽനിന്ന് വിച്ഛേദിച്ച് ഏദൻ പ്രൊട്ടക്ടറേറ്റ് എന്നു നാമകരണം ചെയ്തു. 1967ൽ പ്രൊട്ടക്ടറേറ്റ് ഓഫ് സൗത്ത് അറേബ്യ എന്നറിയപ്പെട്ടു. അതേസമയം ഉത്തര യെമന്റെ അഭേദ്യമായ പർവത ഭൂമിശാസ്ത്രവും ഓട്ടോമൻ തുർക്കി ഖിലാഫത്തിന്റെ സാന്നിധ്യവും സൈദികളുടെ പ്രതിരോധശക്തിയും കാരണം ബ്രിട്ടീഷുകാർക്ക് ഉത്തര യെമനെ കോളനിവത്കരിക്കാൻ കഴിഞ്ഞില്ല. ബ്രിട്ടീഷുകാർ ദക്ഷിണ യെമനെ കോളനിയാക്കിയ സാഹചര്യത്തിന്റെ അപകടം മനസ്സിലാക്കിയ തുർക്കി 849ൽ ഉത്തര യെമനിലെ സൈദികളുമായി കരാറുണ്ടാക്കി. എന്നാൽ 1918ൽ ഒന്നാം ലോകയുദ്ധത്തിൽ തുർക്കി

പരാജയപ്പെട്ടതോടെ യെമനിൽനിന്നും അവർക്ക് പിൻവാങ്ങേണ്ടി വന്നു.

**യെമനിലെ സൈദി മുതവക്കിലേറ്റ് കിംഗ്ഡം**

തുർക്കികൾ ഒഴിവായതോടെ സൈദി ഇമാമായ 'അൽമുതവക്കിൽ അലല്ലാഹ്' എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന യഹ്‌യ മുഹമ്മദ് ഹമീദുദ്ദീൻ ഉത്തര യെമനിൽ രാജഭരണം സ്ഥാപിച്ചു. 'മുതവക്കിലേറ്റ് കിങ്ഡം ഓഫ് യെമൻ' എന്നായിരുന്നു അതിന്റെ പേര്. സൈദികളുടെ ഇമാമിയ കാഴ്ചപ്പാടിൽ നിന്നുള്ള വ്യതിയാനമായിരുന്നു ഇത്. രാജഭരണവും ശിയാ ഇമാമിയ പാരമ്പര്യവും ഒരുമിച്ചുപോവുന്ന ഒന്നല്ല. രാജവാഴ്ചയിൽ മതിമറന്ന മുതവക്കിൽ ഇന്നത്തെ സൗദിയുടെ തെക്കുഭാഗത്തുള്ള അബഹ, നജ്റാൻ, ജിസാൻ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അസീർ പ്രവിശ്യയെ യെമന്റെ ഭാഗമാക്കാൻ ശ്രമിച്ചു.

**അസീറും ഹിജാസും**

അസീർ പ്രവിശ്യയുടെ ഭരണം ഓട്ടോമൻ തുർക്കിയുടെ കാലത്ത് അവർ ഏൽപിച്ചിരുന്നത് പ്രവിശ്യയിലെ പ്രമുഖ കുടുംബമായിരുന്ന 'ആലു ആയിദി'നെയായിരുന്നു. തുർക്കികൾ ബലഹീനമായപ്പോൾ പ്രവിശ്യ 1906ൽ മൊറോക്കൻ സുന്നി വംശജരായ ഇദ്‌രീസികൾ പിടിച്ചെടുത്തു. അവർക്ക് ബ്രിട്ടീഷുകാരുടെ പിന്തുണ ഉണ്ടായിരുന്നു. ഇദ്‌രീസികളിൽനിന്നും അസീർ പിടിച്ചടക്കാൻ ഇറ്റലിയുടെ സഹായത്തോടെ സൈദികളുടെ മുതവക്കിലേറ്റ് കിങ്ഡം ശ്രമം നടത്തി. എന്നാൽ നജ്ദിലെ ഭരണാധികാരി ഇബ്നു സഊദ് (അബ്ദുൽഅസീസ് രാജാവ്) സൈദികളുടെ ശ്രമം പരാജയപ്പെടുത്തി ഇദ്‌രീസികളിൽനിന്നും 1920ൽ അസീർ പിടിച്ചെടുത്തു. മക്കയും മദീനയും ഉൾക്കൊള്ളുന്ന ഹിജാസ് അന്ന് ഓട്ടോമൻ തുർക്കിയുടെ കീഴിൽ സുന്നികളായ ഹാശിമികളായിരുന്നു ഭരിച്ചിരുന്നത്. 1924ൽ ഓട്ടോമൻ തുർക്കി ഇല്ലാതായതോടെ ഹാശിമി രാജാവ് ശരീഫ് ഹുസൈൻ സ്വയം ഖലീഫയായി പ്രഖ്യാപിച്ചു. മക്കയിലെ ഹാശിമി സുന്നികളും യെമനിലെ സൈദി ശിയാക്കളും ദീർഘകാലമായി ശത്രുതയിലായിരുന്നു. അതുകൊണ്ടുതന്നെ ശരീഫ് ഹുസൈന്റെ സ്ഥാനാരോഹണം ഉത്തര യെമനിലെ സൈദി ശിയാ ഭരണകൂടം അംഗീകരിച്ചില്ല. ഇതോടെ ഹിജാസും ഇബ്നു സുഊദിന്റെ അധികാരത്തിന് കീഴിലായി. 1934ൽ അൽമുതവക്കിൽ ഇബ്നു സുഊദുമായി ഏറ്റുമുട്ടുകയും പരാജയപ്പെടുകയും ചെയ്തു.

**താഇഫ് ഉടമ്പടി**

മുതവക്കിൽ പരാജയപ്പെട്ടതോടെ 1934ൽ സൗദി അറേബ്യയുമായി താഇഫിൽവച്ച് ഉടമ്പടിയിൽ അവർ ഒപ്പുവെച്ചു. അസീർ, നജ്റാൻ, ജിസാൻ തുടങ്ങിയ പ്രദേശങ്ങൾ സൗദി അറേബ്യക്കാണെന്ന് അംഗീകരിച്ചുകൊണ്ട് അതിന്മേൽ ഇനി അവകാശവാദം ഉന്നയിക്കുകയില്ല എന്ന് മുതവക്കിലേറ്റ് കിങ്ഡം സമ്മതിച്ച് ഒപ്പുവച്ചു. അതോടൊപ്പം അൽഹുദൈദ് തീരപ്രദേശങ്ങൾ ഉത്തര യെമന്റേതാണെന്ന് സമ്മതിച്ചുകൊണ്ട് ഇബ്നു സുഊദും ഒപ്പുവെച്ചു.

**സൈദികൾക്കിടയിലെ ആഭ്യന്തര കലഹം**

ഇതിനിടയിൽ ഈജിപ്തിലെ മുസ്‌ലിം ബ്രദർഹുഡിന്റെയും അൾജീരിയൻ ദേശീയവാദത്തിന്റെയും സ്വാധീനത്തിൽ വശംവദരായ ചില സൈദികൾ മുതവക്കിലിന്റെ രാജഭരണത്തിനെതിരെ വിപ്ലവം നയിച്ചു. നേതൃത്വം നൽകിയവരിൽ പ്രമുഖൻ



മുതവക്കിലിന്റെ ഏറ്റവും വിശ്വസ്തനായിരുന്ന അബ്ദുല്ല അൽവസീർ ആയിരുന്നു. അൽവസീർ നയിച്ച വിപ്ലവത്തിനൊടുവിൽ 1948ൽ അൽമുതവക്കിൽ എന്ന ഇമാം യഹ്‌യ ഹമീദുദ്ദീൻ കൊല്ലപ്പെട്ടു.

**ഉത്തര യെമൻ മുതവക്കിലിനു ശേഷം**

ഇമാം യഹ്‌യ ഹമീദുദ്ദീൻ എന്ന അൽമുതവക്കിൽ കൊല്ലപ്പെട്ടെങ്കിലും അൽവസീറിനെ പരാജയപ്പെടുത്തി അദ്ദേഹത്തിന്റെ മകൻ അഹ്മദ് ബ്നു യഹ്‌യ രാജഭരണം നിലനിർത്തി. എന്നാൽ പിതാവിൽ നിന്നും വ്യത്യസ്തമായ കാഴ്ചപാടുകൾ പുലർത്തി. വൈദേശിക ശക്തികളോട് വിരോധം പുലർത്തുന്ന സൈദികളുടെ പരമ്പരാഗത നിലപാടുകൾ ഒഴിവാക്കി. ദക്ഷിണ യെമനിലെ ബ്രിട്ടീഷ് അധികാരം ഇല്ലാതാക്കുന്നതിന് വേണ്ടി അദ്ദേഹം ചങ്ങാത്തത്തിലേർപ്പെട്ടത് സോവിയറ്റ് യൂണിയനുമായിട്ടായിരുന്നു. 1955 മുതൽ അവരുമായി ഉടമ്പടികളിൽ ഏർപ്പെടുകയും 1957 മുതൽ അവരുടെ ആയുധങ്ങളും സൈനിക ഉപദേശങ്ങളും സ്വീകരിച്ചു തുടങ്ങുകയും ചെയ്തു. 1959ൽ ചികിത്സക്കായി അദ്ദേഹം റോമിലേക്ക് പോയപ്പോൾ, മകൻ മുഹമ്മദ് അൽബദർ സോവിയറ്റ് അനുകൂല പാർട്ടിയുണ്ടാക്കുകയും കമ്യൂണിസ്റ്റ് പ്രവർത്തനം സജീവമാക്കുകയും ചെയ്തു. ഒരു രാജഭരണത്തിൽ രാഷ്ട്രീയപാർട്ടികൾ അനുവദിക്കില്ല എന്നതുകൊണ്ടുതന്നെ പിതാവ് ചികിത്സ കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ സംഘടനകൾ നിരോധിക്കുകയും ചെയ്തു.

**ഈജിപ്തും സിറിയയുമായുള്ള ലയനം**

1958ൽ ഈജിപ്തും സിറിയയും ചേർന്ന് യുണൈറ്റഡ് അറബ് റിപ്പബ്ലിക്ക് (യുഎആർ) എന്ന രാജ്യമായപ്പോൾ മുതവക്കിലേറ്റ് യെമൻ അവരുമായി സഖ്യം ചേരുകയുണ്ടായി. രാജാവ് അഹ്മദുബ്നു യഹ്‌യയുടെ മകനും കിരീടാവകാശിയുമായ മുഹമ്മദ് അൽബദ്റും യുഎആറിന്റെ പ്രസിഡന്റ് ജമാൽ അബ്ദുന്നാ സിറുമാണ് സന്ധിയിൽ ഒപ്പുവെച്ചത്. സിറിയ യുഎആർ വിട്ടുപോയതോടെ 1961ൽ ഉത്തര യെമനും അതിൽനിന്ന് പിൻവാങ്ങി. അപ്പോഴും ദക്ഷിണ യെമൻ ബ്രിട്ടീഷ് കോളനിയായി തുടരുകയായിരുന്നു. 1962 സെപ്റ്റംബർ 19ന് അഹ്മദുബ്നു യഹ്‌യ ഉറക്കത്തിൽ മരണപ്പെട്ടു.

**യെമനിനെ വരുതിയിലാക്കാൻ ഈജിപ്ത്**

രാജാവ് അഹ്മദുബ്നു യഹ്‌യ മരണപ്പെട്ടതോടെ മകൻ മുഹമ്മദ് അൽബദ്ർ അധികാരമേറ്റെങ്കിലും ഉത്തര യെമനിൽ രാജഭരണത്തിനെതിരെ സൈനിക അട്ടിമറിയുണ്ടാവുകയും വലിയ കലാപങ്ങൾക്ക് അതു കാരണമാവുകയും ചെയ്തു. അൽബദ്റിന്റെ ഭരണമേറ്റെടുത്ത് കൃത്യം ഒരാഴ്ച കഴിഞ്ഞപ്പോൾ 1962 സെപ്റ്റംബർ 26ന് രാത്രി, യുഎആർ പ്രസിഡന്റ് ജമാൽ അബ്ദുന്നാസിറിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് യെമന്റെ സൈനിക മേധാവിയായിരുന്ന അബ്ദുല്ല അൽസല്ലാലിന്റെ നേതൃത്വത്തിൽ ദേശീയ വാദം (Republican) ഉയർത്തിപ്പിടിച്ച് ഒരുപറ്റം സൈനിക ഉദ്യോഗസ്ഥരാണ് അട്ടിമറി നടത്തിയത്. അറബ് ദേശീയവാദത്തെ അടിസ്ഥാനപ്പെടുത്തി അവർ രാജ്യത്തിന് 'യെമൻ അറബ് റിപ്പബ്ലിക്' (Yemen Arab Republic) എന്ന് നാമകരണം ചെയ്തു.

അട്ടിമറിയും കലാപവും തടയാൻ ശ്രമിച്ചുകൊണ്ട് അൽബദ്ർ നികുതി കുറയ്ക്കൽ, രാഷ്ട്രീയ തടവുകാർക്ക് പൊതുമാപ്പ് തുടങ്ങിയ വാഗ്ദാനങ്ങൾ നൽകിയെങ്കിലും അതൊന്നും കലാപത്തെ ശമിപ്പിച്ചില്ല. എട്ടുവർഷങ്ങളോളം നീണ്ടുനിൽക്കുകയും യെമന്റെ ചരിത്രം അത് മറ്റൊരു ഗതിയിലേക്ക് തിരിച്ചുവിടുകയും ചെയ്തു. ദേശീയവാദികൾ രാജാവ് അൽബദ്ർ കൊല്ലപ്പെട്ടുവെന്ന് പ്രഖ്യാപിച്ചുവെങ്കിലും അദ്ദേഹം സൈദി ഗോത്ര വർഗങ്ങളുടെ പിന്തുണയോടെ ഉത്തര യെമന്റെ വടക്കൻ പർവതനിരകളിലേക്ക് രക്ഷപ്പെട്ടു.

**സൈദി ശിയാ ഭരണത്തിന് സൗദിയുടെ സഹായം**

സൈദികളുടെ മുതവക്കിലേറ്റ് ഭരണകൂടത്തിനും അവരുടെ രാജാവായ മുഹമ്മദ് അൽബദ്റിനും പിന്തുണ നൽകിയത് അന്നത്തെ സൗദി ഭരണകൂടമായിരുന്നു. സുഊദ് രാജാവും ഫൈസൽ രാജകുമാരനും സൈദികൾക്കു വേണ്ടി രംഗത്തു വന്നു. സൈദികളുടെ ഗോത്രം ഗറില്ലാ പോരാളികൾക്ക് ആവശ്യമായ ആയുധങ്ങൾ നൽകിയത് സൗദി അറേബ്യയും ജോർദാനും ബ്രിട്ടനുമായിരുന്നു. അതേസമയം ദേശീയവാദികളെ പിന്തുണച്ചുകൊണ്ട് എഴുപതിനായിരത്തോളം ഈജിപ്ഷ്യൻ സൈനികർ നിലയുറപ്പിച്ചു. സൈദി ഭരണകൂടത്തിന് ബ്രിട്ടീഷ് ഇന്റലിജൻസ് മുഖേന ഇസ്രാഈലിന്റെ രഹസ്യസഹായം ലഭിച്ചു. യെമൻ യുദ്ധത്തിൽ ഈജിപ്തിന് വിജയമുണ്ടായാലുള്ള പ്രത്യാഘാതങ്ങളാണ് ഇസ്രാഈലിനെ ഈ രഹസ്യ സഹായത്തിനു പ്രേരിപ്പിച്ചത്. ഇസ്രാഈലി പാരച്യൂട്ടുകൾ ഉത്തര യെമന്റെ പർവതനിരകളുടെ ആകാശത്ത് കണ്ടപ്പോൾ അവിടെയുള്ള സൈദികളായ ഗോത്രവർഗക്കാർ അത് തങ്ങളുടെ ഇമാമിന് ലഭിച്ച ദൈവസഹായമാണെന്നു തെറ്റിദ്ധരിച്ചു.

*(തുടരും)*



# ദാഹിച്ചു വലഞ്ഞ യാത്രക്കാരന്റെ കഥ

മുഹമ്മദ് ശമീൽ
: 9048 221 212

മരുഭൂമിയിലൂടെ ഒരാൾ യാത്ര ചെയ്യുകയായിരുന്നു. കൈയിൽ കരുതിയിരുന്ന വെള്ളവും ഭക്ഷണവും കഴിഞ്ഞു. ചുട്ടുപൊള്ളുന്ന വെയിലും യാത്രയും സമ്മാനിച്ച ദാഹവും വിശപ്പും കാരണം അയാൾ തളർന്നിരുന്നു. അൽപം വെള്ളത്തിനായി അയാൾ ചുറ്റും അന്വേഷിച്ചു. കുറെ ദൂരം യാത്ര ചെയ്തപ്പോൾ അയാൾ ദൂരെ ഒരു കിണർ കണ്ടു.

അയാൾ വേഗം ആ കിണറ്റിൻകരയിലേക്ക് ഓടിയെത്തി. ശുദ്ധമായ വെള്ളം ആ കിണറ്റിലുണ്ടായിരുന്നു. പക്ഷേ, കിണർ വളരെ ആഴമുള്ളതായിരുന്നു. ദാഹം സഹിക്കാൻ വയ്യാതായപ്പോൾ അയാൾ കിണറ്റിൻകരയിൽ ഇരുന്ന് വെള്ളത്തിലേക്ക് രണ്ടു കൈകളും നീട്ടിപ്പിടിച്ച് വിളിച്ചു പറഞ്ഞു: 'വെള്ളമേ, നീ എന്റെ വായിലേക്ക് ഓടിവരുമോ? എനിക്ക് വലിയ ദാഹമുണ്ട്!'

എത്ര സമയം കൈ നീട്ടിപ്പിടിച്ച് വെള്ളത്തോടു കെഞ്ചിയാലും ആ വെള്ളം താനേ ഉയർന്നുവന്ന് അവന്റെ വായിലേക്ക് എത്തിച്ചേരുമോ? ഇല്ലേയില്ല! കിണറ്റിൽനിന്ന് വെള്ളം കോരിയെടുത്ത് അതു കുടിച്ചാൽ മാത്രമെ ദാഹം മാറൂ. അല്ലാഹു ക്വുർആനിൽ ഇതുപോലെയുള്ള ഒരാളുടെ ഉദാഹരണം പറയുന്നുണ്ട്.

അല്ലാഹു പറയുന്നു: "അവനോടുള്ളതു മാത്രമാണ് ന്യായമായ പ്രാർഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർഥന നഷ്ടത്തിൽ തന്നെയാകുന്നു" (13:14).

നമ്മൾ മുകളിൽ വായിച്ച കഥയിലെ മനുഷ്യനെപ്പോലെയാണ് അല്ലാഹുവിനെ വിട്ട് സൃഷ്ടികളോടു പ്രാർഥിക്കുന്നവർ. നമ്മെ സൃഷ്ടിച്ച, എല്ലാം കാണുന്ന, എല്ലാം അറിയുന്ന അല്ലാഹുവിനോട് മാത്രമെ പ്രാർഥിക്കാവൂ. അതാണ് സത്യമായ പ്രാർഥന. അവനു മാത്രമെ പ്രാർഥന കേൾക്കുവാനും ഉത്തരം നൽകുവാനും കഴിയൂ.

നബി(സ്വ) ഇബ്നു അബ്ബാസി(റ)നു നൽകിയ മനോഹരമായ ഒരു ഉപദേശമുണ്ട്: അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) നിവേദനം: "ഒരു ദിവസം ഞാൻ നബി(സ്വ)യുടെ പിന്നിലായി യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'കുഞ്ഞുമകനേ! ഞാൻ നിനക്ക് ചില കാര്യങ്ങൾ പഠിപ്പിച്ചു തരാം: നീ അല്ലാഹുവിനെ സൂക്ഷിക്കുക; അവൻ നിന്നെ സംരക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിക്കുക; അവനെ നിന്റെ മുൻപിൽ നീ കണ്ടെത്തും. നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോടു ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോടു സഹായം തേടുക. നീ അറിയുക! സമൂഹമൊന്നാകെ നിനക്ക് ഒരു ഉപകാരം ചെയ്തുതരാനായി ഒരുമിച്ചു ചേർന്നാലും അല്ലാഹു നിനക്ക് രേഖപ്പെടുത്തിയ ഒരു ഉപകാരമല്ലാതെ നിനക്ക് ചെയ്തുതരാൻ അവർക്ക് സാധ്യമല്ല. ഇനി അവർ മുഴുവൻ നിനക്ക് ഒരു ഉപദ്രവമേൽപിക്കാനായി സംഘടിച്ചാലും അല്ലാഹു നിനക്ക് ഏൽക്കണമെന്ന് രേഖപ്പെടുത്തിയ ഒരു ഉപദ്രവമല്ലാതെ നിന്നെ ഏൽപിക്കാൻ അവർക്കു സാധ്യമല്ല. പേനകൾ ഉയർത്തപ്പെട്ടിരിക്കുന്നു. ഏടുകൾ ഉണങ്ങിപ്പോയിരിക്കുന്നു" (തിർമിദി)



# ആണ്ട്, ഉറൂസ് അനാചാരങ്ങൾ ശിയാ ആഘോഷങ്ങൾ തന്നെ!

മൂസ സ്വലാഹി കാര
: 97473 45768

ആഘോഷങ്ങൾ ആർക്കും സന്തോഷം നൽകുന്നതും ആനന്ദമുളവാക്കുന്നതുമായ ഒന്നാണ്. വഹ്‌യിലൂടെ പഠിപ്പിക്കപ്പെട്ട ആഘോഷങ്ങളും സന്തോഷനിമിഷങ്ങളും ആരാധനയുടെ ഭാഗമായതിനാൽ അതിന്റെ നിയമങ്ങളും നിബന്ധനകളും പ്രമാണങ്ങളിൽ വ്യക്തവുമാണ്. എന്നാൽ മതത്തെ ചാരി സമസ്ത മുസ്‌ലിയാക്കന്മാർ സമൂഹത്തിൽ വേരുപിടിപ്പിച്ച നിരവധി നിർമിത ആഘോഷങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് ആണ്ടുനേർച്ചകളും ഉറൂസുകളും. ജാറ-മക്ബ്വറകളുടെ പെരുമയും പ്രശസ്തിയും പരിഗണിച്ച് ഇവയുടെ വാർഷിക എണ്ണക്കണക്കും നടത്തിപ്പു നിയമങ്ങളുടെ വിസ്താരവും വ്യത്യസ്തമായി കാണുന്നതുതന്നെ ഇതെല്ലാം അനാചാരങ്ങളാണ് എന്നതിനു മതിയായ അടയാളങ്ങളാണ്.

സമ്പൂർണമായ ഇസ്‌ലാമിക ജീവിതം നയിച്ച നബി(സ്വ)യിൽനിന്നോ ഉത്തമ തലമുറകളിൽനിന്നോ ചിലർ മരണപ്പെട്ട കൊല്ലം കണക്കാക്കി എന്തെങ്കിലും പറഞ്ഞും ചെയ്തും അവരുടെ സ്മരണ പുതുക്കിയതിന് യാതൊരു മാതൃകയുമില്ല. അവർക്കു വേണ്ടി പ്രാർഥി

ക്കാനും പാപമോചനം തേടാനും കൽപിച്ചത് പ്രാവർത്തികമാക്കാൻ ആഘോഷങ്ങളുടെ ആവശ്യവുമില്ല.

അന്ധവിശ്വാസങ്ങളുടെ ചരിത്രം ചികഞ്ഞാൽ അവയുടെ മുരടു ചെന്നെത്തുക ശിയാ-സൂഫി വിഭാഗങ്ങളിലാണ്. അവരുടെ നേതാക്കന്മാരുടെ തൃപ്തിക്കായി ഇന്നും നടത്തപ്പെടുന്ന ആഘോഷങ്ങളാണ് ആണ്ട്, ഉറൂസുകൾ. അഹ്ലുസ്സുന്നയുടെ പാതയിൽനിന്ന് പിഴച്ചുപോയവരെ അനുകരിച്ച് അവരുടെ വിശ്വാസങ്ങൾക്ക് ശക്തിപകരുക എന്നതു മതത്തെ അവമതിക്കുന്ന ഏർപ്പാടു കൂടിയാണ്.

ആണ്ട്-ഉറൂസുകൾ കൊട്ടിഘോഷിക്കുന്നതും അവ കൊണ്ടാടാൻ സമൂഹം കാണിക്കുന്ന ഉത്സാഹവും നിരീക്ഷിക്കുന്ന ഏതൊരാൾക്കും അനാചാരം വിതച്ച അപകടം കാണാൻ കഴിയും. മതം നിഷിദ്ധമാക്കിയ കാര്യങ്ങൾ കൊണ്ട് അലങ്കരിക്കപ്പെട്ട ആഘോഷങ്ങളാണിതെല്ലാം; കെട്ടിയുയർത്തിയ ജാറങ്ങൾ, പല പ്രത്യേക പോരിശകളും പറയുന്ന വ്യാജ സ്വലാത്തുകൾ-ദിക്റുകൾ, മഹത്വം കൽപിക്കപ്പെടുന്ന വ്യക്തി കേന്ദ്രീകൃത സദസ്സുകൾ, തെറ്റായ ആശയങ്ങൾ നിറഞ്ഞ പാട്ടുകൾ പാടിയുള്ള ആട്ടവും ചാട്ടവും, പ്രത്യേക ബറകത്തുള്ളത് എന്നു പറഞ്ഞ് നടത്തുന്ന അന്നദാനം...എന്നിങ്ങനെ ഒട്ടേറെയുണ്ട് എടുത്തു പറയാൻ.

നബിചര്യക്ക് വിരുദ്ധമായ നിലപാടുകളെ സൂക്ഷിക്കണമെന്നത് ക്വുർആൻ മുന്നറിപ്പു നൽകിയതാണ്. അല്ലാഹു പറയുന്നു: "ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിരു പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ" (24:63).

**അന്ധവിശ്വാസങ്ങളുടെ ചരിത്രം ചികഞ്ഞാൽ അവയുടെ മുരടു ചെന്നെത്തുക ശിയാ-സൂഫി വിഭാഗങ്ങളിലാണ്. അവരുടെ നേതാക്കന്മാരുടെ തൃപ്തിക്കായി ഇന്നും നടത്തപ്പെടുന്ന ആഘോഷങ്ങളാണ് ആണ്ട്, ഉറൂസുകൾ. അഹ്ലുസ്സുന്നയുടെ പാതയിൽനിന്ന് പിഴച്ചുപോയവരെ അനുകരിച്ച് അവരുടെ വിശ്വാസങ്ങൾക്ക് ശക്തിപകരുക എന്നതു മതത്തെ അവമതിക്കുന്ന ഏർപ്പാടു കൂടിയാണ്. ആണ്ട്-ഉറൂസുകൾ കൊട്ടിഘോഷിക്കുന്നതും അവ കൊണ്ടാടാൻ സമൂഹം കാണിക്കുന്ന ഉത്സാഹവും നിരീക്ഷിക്കുന്ന ഏതൊരാൾക്കും അനാചാരം വിതച്ച അപകടം കാണാൻ കഴിയും.**

പ്രമാണങ്ങളിൽനിന്ന് ഒരു പദം പോലും എടുത്തു കാണിച്ച് തെളിയിക്കാൻ പറ്റാത്തതാണ് ഇവരുടെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമെല്ലാം. സമസ്തക്കാർ അവയെ പരിചയപ്പെടുത്തിയത് വായിച്ചാൽ തന്നെ ഇക്കാര്യം ബോധ്യപ്പെടും.

### ആണ്ടും ഉറൂസും സമസ്തയുടെ നിലപാടും

"മഹാന്മാരുടെ മഖ്ബറകളുമായിബന്ധപ്പെട്ടോ അല്ലാതെയോ അവരുടെ നിര്യാണത്തിനോടനു ബന്ധിച്ച് കൊല്ലംതോറും നടന്നുവരുന്ന അനുസ്മരണ ചടങ്ങുകൾക്കാണ് ആണ്ടുനേർച്ച എന്ന് മുസ്ലിംങ്ങൾ പറയുന്നത്. ഇതോടനുബന്ധിച്ച് ക്വബ്ർ സിയാറത്ത്, ക്വുർആൻ പാരായണം, അന്നദാനം, മൗലിദ് (ഇവരുടെ അപദാനങ്ങൾ അയവിറക്കുക), അനുസ്മരണ പ്രഭാഷണങ്ങൾ, ഉത്ബോധനം എന്നിവ നടക്കുന്നു. ആണ്ടുനേർച്ചയുടെ പാഠഭേദങ്ങളെക്കുറിച്ച് കെ.എം മുഹമ്മദ് കോയ എഴുതുന്നു: 'തെക്കൻ കേരളത്തിൽ ചന്ദനക്കുടമെന്നും തമിഴ്നാടുകളിൽ ഖന്തൂരി എന്നും വടക്കേ ഇന്ത്യയിൽ ഉറൂസ് എന്നും ഈ ആഘോഷത്തിന് പറയുന്നു. മരണത്തോടെ ആത്മാവ് എന്ന മണവാട്ടി അല്ലാഹു എന്ന മണവാളവനുമായി സന്ധിക്കുന്നുവെന്നാണ് സൂഫിദർശനം. അറൂസ് എന്നാൽ മണവാളൻ എന്നാണർഥം. വിവാഹാഘോഷമാണ് ഉർസ്. ഇതിൽനിന്ന് നിഷ്പന്നമായതായിരിക്കണം ഉറൂസ് എന്ന പദം" (രിസാല, 2004 ഫെബ്രുവരി 27, പേജ് 18).

വീണ്ടും എഴുതുന്നു: "മഹാ

ന്മാരുടെ നിര്യാണ ദിനത്തോടനുബന്ധിച്ച് ആണ്ടുതോറും നടക്കുന്ന അനുസ്മരണ ചടങ്ങുകൾക്കാണ് മലബാറിൽ ആണ്ടുനേർച്ചകൾ എന്നറിയപ്പെടുന്നതെന്ന് സൂചിപ്പിച്ചല്ലോ. ആ ദിനത്തെ ആവേശത്തോടെ എതിരേൽക്കുകവഴി ഇവക്ക് ഒരു ആഘോഷത്തിന്റെ വർണം പലയിടത്തും ഉണ്ടായിട്ടുണ്ട്. എന്നാൽ പ്രാദേശികമോ സാംസ്കാരികമോ ഭൂമിശാസ്ത്രപരമോ ആയ കാരണത്താൽ വൈവിധ്യസ്വാധീനങ്ങളുടെ ഫലമായി പല ആണ്ടുനേർച്ചകളും കാലക്രമേണ ഉത്സവങ്ങളായി പരിണമിച്ചിട്ടുണ്ട്. കൊണ്ടോട്ടി നേർച്ചയും പട്ടാമ്പി നേർച്ചയും ഉദാഹരണം. ഇവയെ ഒരു മതചടങ്ങ് എന്നതിലുപരി ഒരു മതേതര ആഘോഷമായിട്ടാണ് പലരും വിലയിരുത്തുന്നത്. ചന്ദനക്കുടം എന്ന പേരിൽ അറിയപ്പെടുന്ന നേർച്ചകൾ ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്" (പേജ് 18).

മുസ്‌ലിയാക്കന്മാരുടെ ആഘോഷത്തെ മുസ്‌ലിംകളുടെ മേൽ വെച്ചുകെട്ടിയതുതന്നെ അപരാധമാണ്! ഖബ്ർ സിയാറത്തിനെക്കുറിച്ച് പരാമർശിച്ച സ്വീകാര്യമായ ഏതെങ്കിലും ഒരു ഹദീസിൽ അത് ആഘോഷ രൂപത്തിലാകണമെന്നുണ്ടോ? സിയാറത്തിന്റെ ലക്ഷ്യം മരണചിന്തയും പരലോകത്തെ ഓർക്കലുമാണല്ലോ. ആഘോഷിച്ചും ആടിത്തിമിർത്തുമാണ് സിയാറത്തെങ്കിൽ ഈ കാര്യം നേടാനാകുമോ? പ്രമാണങ്ങൾ സാങ്കേതിക പദങ്ങളിലൂടെ പഠിപ്പിച്ച സ്വലാത്ത്, ദുആഅ്, ഈദ്, ദിക്ർ എന്നിവയെല്ലാം തെക്കൻ കേരളത്തിലും വടക്കൻ കേരളത്തിലും മലബാറിലും ലോകമെമ്പാടും ഒരേ പ്രയോഗത്തിലും രൂപത്തിലുമാണ് നിലനിൽക്കുന്നത്. ആണ്ട്, ഉറൂസുകൾ മഹല്ലുകൾക്കും അതിന് നേതൃത്വം നൽകുന്നവർക്കും സംഘടനാ സംവിധാനങ്ങൾക്കനുസരിച്ചും മാറിമറിഞ്ഞുകൊണ്ടിരിക്കും. ഇതെങ്ങനെയാണ് ഇസ്‌ലാമിന്റെ ആഘോഷമാവുക? മരണത്തോടെ ആത്മാവ് അല്ലാഹുവിലേക്ക് ലയിക്കുന്നുവെന്ന ഇസ്‌ലാം വിരുദ്ധ വാദവും ഇസ്‌ലാമും തമ്മിൽ എന്തു ബന്ധമാണുള്ളത്?

അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു; ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ലതന്നെ" (12:108).

സമസ്ത നേതാവ് ജിഫ്രി തങ്ങൾ എഴുതുന്നു: "അതുകൊണ്ട് അവരുടെ ഉറൂസുകൾ നടത്തപ്പെടുമ്പോൾ ഈ സ്ഥലം വളരെ പുണ്യമായ സ്ഥലമാണെന്ന് മനസ്സിലാക്കിക്കൊണ്ട് സർവ്വ മുഖദ്ദസത്തായ അർവാഹുകളും ഈ സ്ഥലത്ത് വന്നിട്ടുണ്ട്. അതുതന്നെയാണ് ഈ സ്ഥലത്തിന്റെ പുണ്യമെന്ന് പറയുന്നത്. ഉറൂസിൽ നമ്മൾ ചെയ്ത് പോരുന്ന സർവ്വ സംഗതികളും അടിസ്ഥാനപരമായി നബി (സ്വ) തങ്ങൾ ചെയ്ത് കാണിച്ചുതന്നതാണ്. ഉറൂസിൽ നമ്മൾ ചെയ്യുന്നതെന്താ? ഉറൂസ് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അല്ലാഹുവിന്റെ മഹത്തുക്കളായ ഔലിയാഅ്, അമ്പിയാഅ് അവരെ വർഷത്തിലൊരിക്കലോ രണ്ട് വർഷത്തിലോ മൂന്ന് വർഷത്തിലൊരിക്കലോ അവരെ സ്നേഹിക്കുന്നതായ ആളുകൾക്ക് സിയാറത്തിന് വേണ്ടി പ്രത്യേകമായ ഒരു ദിവസം ഒരുക്കിക്കൊടുക്കുക എന്നുള്ളതാണ്. അതാണ് ഉറൂസ് എന്ന് പറഞ്ഞാൽ" (നിലപാട്, പേജ് 65,66).

മരണപ്പെട്ടവരുടെ ആത്മാക്കൾ മതം പഠിപ്പിച്ച ഏതെങ്കിലും ആരാധനാസന്ദർഭങ്ങളിൽ സന്നിഹിതരാകുമെന്ന് പ്രമാണങ്ങളിൽ എവിടെയുമില്ല. സൂഫി ജൽപങ്ങൾക്ക് വഴിപ്പെട്ടവർക്കല്ലാതെ ഇത്തരത്തിൽ ജൽപിക്കാനും കഴിയില്ല. ഉറൂസിലുള്ള എല്ലാ പ്രവൃത്തികൾക്കും അടിസ്ഥാനം നബി(സ്വ)യിൽ നിന്നുണ്ട് എന്നു പറയുന്നത് കലർപ്പില്ലാത്ത കളവാണ്. മതത്തിലെ ഏതാനും പദങ്ങളെ മുന്നിൽ വെച്ച് ഈ പുത്തനാചാരങ്ങളെ വെളുപ്പിക്കാൻ നോക്കുന്നു എന്നതാണ് വസ്തുത. ഖബ്ർ സിയാറത്തിനെ വർഷത്തിലൊരിക്കലോ രണ്ടു വർഷത്തിലൊരിക്കലോ ചുരുക്കുവാൻ എന്ത് അടിസ്ഥാനമാണുള്ളത്?

**ഉറൂസും ആണ്ടും അനുബന്ധ കാര്യങ്ങളും ഇസ്‌ലാമിന്റെ ആചാരമോ സംസ്കാരമോ അല്ലെന്ന് പ്രമാണങ്ങളും ചരിത്ര യാഥാർഥ്യങ്ങളും മുൻനിറുത്തി അഹ്‌ലുസ്സുന്നയുടെ മാർഗത്തിൽ ഉറച്ചുനിൽക്കുന്നവർ വിശദീകരിക്കുമ്പോൾ ഞൊണ്ടിന്യായങ്ങൾ നിരത്തി പിടിച്ചു നിൽക്കാനാണ് ഇവർ ശ്രമിക്കാറുള്ളത്.**

### സൂഫീ ആഘോഷങ്ങൾക്ക് വളമേകുന്ന സമസ്ത

ഉറൂസും ആണ്ടും അനുബന്ധ കാര്യങ്ങളും ഇസ്‌ലാമിന്റെ ആചാരമോ സംസ്കാരമോ അല്ലെന്ന് പ്രമാണങ്ങളും ചരിത്ര യാഥാർഥ്യങ്ങളും മുൻനിറുത്തി അഹ്‌ലുസ്സുന്നയുടെ മാർഗത്തിൽ ഉറച്ചുനിൽക്കുന്നവർ വിശദീകരിക്കുമ്പോൾ ഞൊണ്ടിന്യായങ്ങൾ നിരത്തി പിടിച്ചുനിൽക്കാനാണ് ഇവർ ശ്രമിക്കാറുള്ളത്. 'സമസ്തയുടെ പ്രിയപ്പെട്ട' ചരിത്ര പണ്ഡിതൻ ഹുസൈൻ രണ്ടത്താണി എഴുതിയ 'മാപ്പിള ഭൂമിക' എന്ന പുസ്തകത്തിലെ 'സൂഫി, ശിയാ ബന്ധങ്ങൾ' എന്ന ഭാഗത്തിലെ പ്രസക്തഭാഗം നമുക്കൊന്ന് വായിക്കാം:

"പേർഷ്യൻ നാടുകളിൽ പ്രചരിച്ച സൂഫിസത്തിന്റെയും ശിയായിസത്തിന്റെയും പ്രചാരണത്തിലൂടെയും പേർഷ്യൻ സംസ്കാരം കേരളത്തിലുമെത്തി. സൂഫികളുമായി ബന്ധപ്പെട്ട പല പേരുകളും മാപ്പിളമാരിലും കണ്ടുവന്നു. മഖ്ദൂം, കലന്ദർ, പീർ, ചില്ല, ചീനി, ഖൽവത്, തഖിയ്യ, ദഫ്, അറവന, വാർത്തിയം, ഹദറ, നകാര, ഗസൽ, ഖവാലി, മൗലൂദ്, ഉർസ്, ദർഗ തുടങ്ങിയ പദങ്ങൾക്ക് സൂഫി സ്പർശമുണ്ട്. കൊണ്ടോട്ടിയിലെത്തിയ മുഹമ്മദ് ഷാ എന്ന സൂഫിയാണ് പേർഷ്യൻ-ശിയാ ആചാരങ്ങൾ പലതും മലബാറിലെത്തിച്ചത്. സംഗീതപ്രിയനായ ഷാ പേർഷ്യൻ മസ്നവിയും ഗസലുകളും ഇങ്ങോട്ടെത്തിച്ചു" (മാപ്പിള ഭൂമിക, ഹുസൈൻ രണ്ടത്താണി, പേജ് 115).

വിണ്ടും പറയുന്നു: "മുഹമ്മദ് ഷായുടെ ഖബറിടത്തിലെ നേർച്ചയ്ക്കാണ് ആദ്യം പേർഷ്യൻ നാമമായ ഉറൂസ് എന്നു പറയാൻ തുടങ്ങിയത്. പേർഷ്യൻ ദേശത്തുള്ള ഉർസുകളിലെ പല ആചാരങ്ങളും കേരളത്തിലും തുടങ്ങിയത് കൊണ്ടോട്ടിയിലെ നേർച്ചയോടനുബന്ധിച്ചാണ്. പുഷ്പാർച്ചന, ദീപം തെളിയിക്കൽ, നസ്ർ (പ്രസാദം), കൊടി (അലം), ചന്ദനക്കുടം, കലാരൂപങ്ങൾ, ഖബറിടം അലങ്കരിക്കൽ, പെട്ടിവരവ് തുടങ്ങിയവയുടെ കേരളീയ രൂപങ്ങൾ പേർഷ്യൻ സംസ്കാരത്തിൽ നിന്ന് വന്നതാണ്. മുസ്‌ലിംകളുടെ അടയാളമായി പച്ചനിറം വന്നതും പേർഷ്യൻ സ്വാധീനമാണ്" (പേജ് 115).

അഹ്‌ലുസ്സുന്നയുടെ പാരമ്പര്യത്തിലൂടെ വന്നെത്തിയതല്ല ഈ സംസ്കാരമെന്നും ശിയായിസവും സൂഫിസവും ലോകത്ത് വ്യാപിപ്പിച്ച ഒന്നാണിതെന്നും ചരിത്രമായി തെളിയിക്കപ്പെട്ടു. ജാറങ്ങളും അവയെ പൊതിഞ്ഞ് കിടക്കുന്നതുമെല്ലാം കേരളത്തിലേക്ക് കടന്നുകൂടിയത് ശിയാ-സൂഫികളിലൂടെയാണെന്ന് സമസ്തയുടെ ചരിത്രകാരൻ തന്നെ തുറന്നെഴുതിയ വരികളാണിത്. എല്ലാം പൂർവികർ പകർന്നതാണെന്ന മുസ്‌ലിയാക്കന്മാരുടെ അവകാശവാദത്തിന്റെ പഴക്കം ശിയാക്കളെവരെയാണെന്നതും ഇതോടെ തീരുമാനമായി. വിളക്കു കൊളുത്തലും പച്ച നിറവുമെല്ലാം പേർഷ്യൻ സംസ്കാരങ്ങളായതിനാൽ മതപരിവേഷം നൽകി സമസ്ത ഇതിനെ ഉപയോഗിക്കുന്നത് ഇനിയെങ്കിലും അവസാനിപ്പിക്കണം.

അനാചാരങ്ങളുടെ പര്യവസാനം മതങ്ങൾ തമ്മിലുള്ള ലയനമാണെന്ന സ്വഭാവവും ആരുടേതാണെന്ന് ചരിത്രകാരൻ തന്നെ പറയുന്നത് കാണുക: "ചുരുക്കത്തിൽ, മാപ്പിളമാരെ മാത്രമല്ല, മലയാളിയെത്തന്നെ പേർഷ്യൻ സംസ്കാരം അടിമുടി സ്വാധീനിച്ചിട്ടുണ്ട്. വിദേശ സംസ്കാരങ്ങളുമായി സമന്വയിച്ചുകൊണ്ട് തന്റെ കേരളീയമായ കാഴ്ചപ്പാടുകളെ വിശാലമാക്കാനുള്ള മനസ്സ് മലയാളിക്കു സ്വന്തമാണ്. കേരളീയതയെയും മതവിശ്വാസങ്ങളെയും മുറുകെപ്പിടിച്ചുകൊണ്ടുതന്നെ ഏതു സംസ്കാരവുമായും ഇഴുകിച്ചേരാൻ മലയാളിക്ക് കഴിഞ്ഞിരുന്നു. ഇവിടെ കാലാകാലങ്ങളിലായി നിലനിന്നുപോരുന്ന മതസംസ്കാരിക സൗഹൃദത്തിന് മലയാളിയുടെ മനസ്സ് പാകപ്പെടാൻ കാരണം വിദേശസംസ്കാരങ്ങളുമായുള്ള നിരന്തരമായ സമ്പർക്കമാവണം" (പേജ് 120).

**അഹ്‌ലുസ്സുന്നയുടെ പാരമ്പര്യത്തിലൂടെ വന്നെത്തിയതല്ല ഈ സംസ്കാരമെന്നും ശിയായിസവും സൂഫിസവും ലോകത്ത് വ്യാപിപ്പിച്ച ഒന്നാണിതെന്നും ചരിത്രമായി തെളിയിക്കപ്പെട്ടു. ജാറങ്ങളും അവയെ പൊതിഞ്ഞ് കിടക്കുന്നതുമെല്ലാം കേരളത്തിലേക്ക് കടന്നുകൂടിയത് ശിയാ-സൂഫികളിലൂടെയാണെന്ന് സമസ്തയുടെ ചരിത്രകാരൻ തന്നെ തുറന്നെഴുതിയ വരികളാണിത്.**

വളവും വക്രതയുമില്ലാത്ത, മതം അനുശാസിക്കുന്ന കാര്യങ്ങൾക്കനുസൃതമായി ജീവിതത്തെ ചിട്ടപ്പെടുത്തുന്നവർക്കേ ആത്യന്തിക വിജയം നേടാനാകൂ എന്ന് തിരിച്ചറിയുക. ■



# സൂഫി വിവാദം സമുദായത്തിനു നൽകുന്ന മുന്നറിയിപ്പുകൾ

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

ഫാറൂഖ് കോളേജും സൂഫിസവും മുസ്‌ലിം പെൺകുട്ടികളും ഇപ്പോൾ സമൂഹമധ്യത്തിൽ സജീവ ചർച്ചാവിഷയങ്ങളാണ്. ഈ ചർച്ച പല തലങ്ങളിലേക്ക് വികസിച്ചുകഴിഞ്ഞു. സമുദായത്തിനകത്ത് സംഭവിക്കുന്നത്, മുസ്‌ലിം മാനേജ്മെന്റുകളുടെ സമീപനം, നേതാക്കളുടെ നിലപാടുകൾ എന്നിവയെല്ലാം ഇന്ന് ചർച്ചയാകുന്നുണ്ട്.

ഏതെങ്കിലും സ്ഥാപനത്തിന്റെയോ വ്യക്തികളുടെയോ മാത്രം വിഷയമായി ഈ ചർച്ചകൾ ചുരുക്കപ്പെടാതെ, വിഷയത്തിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ-നവോത്ഥാന പരിശ്രമങ്ങളുടെ ഗുണഫലം അനുഭവിക്കുന്ന സമുദായം സ്വത്വബോധത്തെപ്പറ്റി ഉണർന്നുയർന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ദീർഘവീക്ഷണത്തോടെ അബുസ്സബാഹ് അഹ്മദലി മൗലവി അസ്തിവാരമിട്ട ഫാറൂഖ് കോളേജിലെ സുവോളജി ക്ലാസിൽ ഒരു അധ്യാപിക നിരന്തരം സ്വന്തം ആശയങ്ങൾ അടിച്ചേൽപിക്കുന്നതായി വിദ്യാർഥികൾ പ്രിൻസിപ്പാളിന് പരാതി നൽകുകയുണ്ടായി.

ക്രൈസ്തവ സ്ഥാപനങ്ങൾ എയ്ഡഡ് ആണെങ്കിലും അവിടെ യേശുവിന്റെയും കന്യാമറിയമിന്റെയും രൂപങ്ങൾ വെക്കുന്നു, പ്രാർഥന നടത്തുന്നു. അവരത് മാറ്റാറുമില്ല. എന്നാൽ ഇസ്‌ലാമിനെ പരിഹസിക്കാൻ സ്വന്തം സ്ഥാപനങ്ങൾ തുറന്നുകൊടുക്കുന്ന തലത്തിലേക്ക് മുസ്‌ലിം മാനേജ്മെന്റുകൾ പലതും തകർന്നടിഞ്ഞിരിക്കുന്നു! ആരുണ്ട് കൈപിടിച്ചുയർത്താൻ? ബോധമുള്ളവർ പോലും മൂകസാക്ഷികളാണ്. എതിർത്താൽ പൊതുബോധ 'പുരോഗമനത്തിൽ' നിന്ന് പുറത്താകുമെന്ന് ഭയക്കുന്നു. തിരുത്താൻ വരുന്നവർക്കെതിരെ അവിവേകത്തിന്റെ ടാഗ് ഇറക്കുകയും ചെയ്യുന്നു!

സമുദായത്തിന്റെ പുരോഗതിക്കായി മുൻഗാമികൾ തങ്ങളുടെ മതപരമായ ബാധ്യതയായിക്കണ്ട് നിർമിച്ച ഒരു സ്ഥാപനത്തിൽ ക്ലാസ്മുറികളിൽവച്ച് വിശ്വാസങ്ങൾ അപഹസിക്കപ്പെടുക എന്നത് നിസ്സാരമല്ല.

'നിരീശ്വരവാദിയാവാതെ നിങ്ങൾക്ക് ശാസ്ത്രം പഠിക്കാനാവില്ല' എന്നു പറയുന്നത് മതവിശ്വാസത്തിന്റെ ഭാഗമായി വഖ്ഫും ഹദിയയും സ്വരൂപിച്ചുണ്ടാക്കിയ കോളജിൽ വെച്ചാണ്! നിഖാബ് ധരിച്ചു വന്ന കുട്ടികളെ പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നതും, സ്വർഗ-നരക വിശ്വാസങ്ങളെ പരിഹസിക്കുന്നതും മുൻഗാമികൾ സ്വർഗം ലക്ഷ്യംവച്ചുണ്ടാക്കിയ കലാലയത്തിലാണ്! അവിടെ ഈ അടിച്ചേൽപിക്കലുകൾക്കെതിരെ പരാതിപ്പെടാൻ പോലും ഭൂരിപക്ഷം കുട്ടികളും ഭയപ്പെടുന്ന സാഹചര്യ മുണ്ടാകുന്നു! ഇത് എത്രമേൽ ദുഃഖകരമാണ്!

അരാജക ജീവിതത്തിന് ആശയാടിത്തറ പാകുന്ന ലിബറൽ വാദികളോട് മുഖം തിരിഞ്ഞു നിൽക്കാനും ആശയപരമായി പോരാടാനും കരുത്താർജിച്ച പ്രതിഭകൾ ഇന്ന് മുസ്‌ലിം സമുദായത്തിലുണ്ട്. മൂല്യച്യുതി സംഭവിച്ചവരും സമുദായത്തിലുണ്ട് എന്നതും വസ്തുതയാണ്.

മുസ്‌ലിംകളുടെ വിവാഹങ്ങളിൽ നടക്കുന്ന (അടച്ചാക്ഷേപിക്കുകയല്ല) കൈവിട്ട കളികൾ തടയാൻ ഇന്ന് ആരുണ്ട്? മുസ്‌ലിം സമുദായം പ്രമാണങ്ങളില്ലാത്ത വെറും ആൾക്കൂട്ടമായി മാറിയാൽ മതിയെന്ന ആഖ്യാനം വരുന്നു. അത്തരക്കാർ പണ്ഡിതന്മാരെ പരിഹസിക്കുന്നു. സമുദായ നേതാക്കളാൽ അത്തര ക്കാർ പരസ്യമായി ആദരിക്കപ്പെടുന്നു! യൂറോപ്പ് ചവച്ചുതുപ്പിയ ചണ്ടികൾ 'പുരോഗമനത്തിന്റെ' പേരിൽ ഇവിടെ എഴുന്നള്ളിക്കപ്പെടുന്നു! 'നല്ല മുസ്‌ലിം,' 'ചീത്ത മുസ്‌ലിം' ബൈനറി രൂപപ്പെടുത്താൻ ശ്രമങ്ങൾ നടത്തുന്നു. മതനിഷ്ഠ പുലർത്തുന്നതിനെ 'തീവ്രത'യായി ബ്രാൻഡ് ചെയ്യാൻ ശ്രമിക്കുന്നു...

ഇവിടെ പ്രധാന ചോദ്യമിതാണ്: ഈ അവസ്ഥക്ക് മാറ്റമുണ്ടാകേണ്ടതില്ലേ? മാറ്റത്തിന് ആധാരമാക്കേണ്ടത് ഇസ്‌ലാമിക പ്രമാണങ്ങളെയോ അതോ പൊതുബോധത്തെയോ? ഖുർആനും ഹദീസും സച്ച രിതരായ മുൻഗാമികളുടെ വഴിയിൽ സ്വീകരിക്കണോ അതോ ഓരോരുത്തരുടെയും തോന്നലിനനുസരിച്ച് വ്യാഖ്യാനം നൽകി സ്വീകരിക്കണോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താത്തപക്ഷം; കെട്ടിയിട്ട വഞ്ചി തുഴയുന്നതു പോലെയാകും അവസ്ഥ!

ഭൗതികത അണികളെയല്ല; നേതാക്കളെയാണ് കൂടുതൽ ബാധിച്ചിരിക്കുന്നത്. 'എന്റെ മതം ശരി യാണെ'ന്ന് പറയുന്ന ആത്മാർഥതയെ 'വിഘടനവാദ'മെന്ന് ബ്രാൻഡ് ചെയ്യുന്ന പൊതുബോധം തിരുത്താൻ എത്ര നേതാക്കളുണ്ട്? 'മതപ്രബോധനം വിദ്വേഷമാണ്' എന്ന വാദത്തെ ആരെതിർക്കുന്നു? സ്ഥാപനങ്ങളിലെ ആഭാസങ്ങൾക്കു തടയിടാൻ ആർക്കു സാധിക്കുന്നു? വഖ്ഫ് സ്ഥാപനങ്ങളിൽ നടക്കുന്ന പേക്കൂത്തുകളിൽ ആര് പ്രതികരിക്കുന്നു?

ക്രൈസ്തവ സ്ഥാപനങ്ങൾ എയ്ഡഡ് ആണെങ്കിലും അവിടെ യേശുവിന്റെയും കന്യാമറിയമിന്റെയും രൂപങ്ങൾ വെക്കുന്നു, പ്രാർഥന നടത്തുന്നു. അവരത് മാറ്റാറുമില്ല. എന്നാൽ ഇസ്‌ലാമിനെ പരിഹസി ക്കാൻ സ്വന്തം സ്ഥാപനങ്ങൾ തുറന്നുകൊടുക്കുന്ന തലത്തിലേക്ക് മുസ്‌ലിം മാനേജ്മെന്റുകൾ പലതും തകർന്നടിഞ്ഞിരിക്കുന്നു! ആരുണ്ട് കൈപിടിച്ചുയർത്താൻ?

ബോധമുള്ളവർ പോലും മൂകസാക്ഷികളാണ്. എതിർത്താൽ പൊതുബോധ 'പുരോഗമനത്തിൽ' നിന്ന് പുറത്താകുമെന്ന് ഭയക്കുന്നു. തിരുത്താൻ വരുന്നവർക്കെതിരെ അവിവേകത്തിന്റെ ടാഗ് ഇറക്കുകയും ചെയ്യുന്നു!

പൊതുസമൂഹം ആശയക്കുഴപ്പത്തിലാണ്. മുസ്‌ലിംകളിൽ 'ചിലർക്കു മാത്രമെ പ്രശ്നമുള്ളൂ' എന്ന ആഖ്യാനം വരുന്നു. ഇസ്‌ലാമിക അസ്തിത്വം കാത്തുസൂക്ഷിക്കുന്നത് 'തീവ്രത'യായി മുദ്രകുത്തപ്പെടുമോ എന്ന ഭീതി വേട്ടയാടപ്പെടുന്നു.

ഇവിടെ ലക്ഷണങ്ങൾക്കല്ല; അടിസ്ഥാന കാരണത്തിനാണ് ചികിത്സ വേണ്ടത്. സൂഫിസവും ലിബറലിസവും വരുന്നത് ഭൗതികതയിൽനിന്നും അല്ലാഹുവിനെക്കുറിച്ചുള്ള അറിവില്ലായ്മയിൽനിന്നും മതനിഷേധത്തിൽനിന്നുമാണ്. ചില്ലകൾക്കല്ല; വേരിനാണ് ചികിത്സ വേണ്ടത് എന്നർഥം! നമ്മുടെ മുന്നിൽ രണ്ടു വഴികൾ മാത്രം: ഒന്നുകിൽ പ്രമാണങ്ങൾ സച്ചരിതരുടെ മാർഗത്തിൽ ഉൾക്കൊണ്ട് മുന്നോട്ട് പോവുക. അല്ലാത്തപക്ഷം ഈ പോക്ക് ഇസ്‌ലാമിൽനിന്ന് പുറത്തേക്കുള്ള വഴിയായി മാറുമെന്നു തിരിച്ചറിഞ്ഞ് അതിൽതന്നെ ഉറച്ചുനിൽക്കുക.

**സമുദായം അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ**

- അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കെത്തന്നെ ഭൗതികതയിൽ മുങ്ങുന്ന സമുദായത്തെ രക്ഷി ക്കാൻ സമുദായനേതൃത്വം അടിയന്തരമായി ഒരുമിച്ച് മുന്നോട്ടു പോകണം.
- സംഘടനാ വ്യത്യാസമില്ലാതെ മുസ്‌ലിം മാനേജ്മെന്റുകൾ കൂടിയിരുന്ന് ഇപ്പോഴത്തെ പ്രതിസന്ധികൾക്ക് പരിഹാരം കാണാനുള്ള മാർഗങ്ങൾ തേടണം.
- മഹല്ല് കമ്മിറ്റികൾ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകണം. മഹല്ല് നിവാസികൾ അതിനായി സമ്മർദം ചെലുത്തണം.
- മുകളിൽനിന്ന് ഉത്തരവു വരട്ടെ എന്നു കാത്തിരിക്കാതെ പ്രാദേശികമായി ഒരുമിച്ച് ആലോചനകളും മുന്നേറ്റങ്ങളും തുടങ്ങണം.
- വഖ്ഫ് ഭൂമികളിൽ അനിസ്‌ലാമികമായ ഒന്നും അടിച്ചേൽപിക്കാൻ അനുവദിക്കില്ലെന്ന നിർബന്ധ ബുദ്ധി സമുദായത്തിനുണ്ടാകണം.
- പുതിയ കാലത്തെ തെറ്റായ ആശയങ്ങളെ പ്രതിരോധിക്കാൻ മദ്റസാ സിലബസുകൾ പരിഷ്കരിക്കണം.
- അധ്യാപകരും മാനേജ്മെന്റും സംഘടനകളും ചേർന്ന് അറബിക് കോളേജുകളിൽ ധാർമിക സംസ്കാരം തിരികെ കൊണ്ടുവരാൻ ശ്രമിക്കണം.
- വിവാഹരംഗത്തെ ആർഭാടം-മറ്റു അനിസ്‌ലാമിക പ്രവണതകൾ, സാമ്പത്തിക തട്ടിപ്പുകൾ, ലൈം ഗികചൂഷണം, വേഷത്തിലും സംസ്കാരത്തിലുമുള്ള അരുതായ്മകൾ എന്നിവ സമുദായത്തിൽ തുറന്ന് ചർച്ച ചെയ്യപ്പെടണം.
- അകത്തും പുറത്തും തിരുത്തലുകൾ വേണം. പുറത്ത് തിരുത്താൻ എളുപ്പമാണ്, അകം ശരിയാകണമെന്നു മാത്രം. അതിന് നാം തയ്യാറാണോ? ഉപരിപ്ലവമായ ആരോപണ പ്രത്യാരോപണങ്ങൾ കൊണ്ട് ഒരു കാര്യവുമില്ല.

# വിദേശ ജോലി; വഞ്ചിതരാകരുത്

നബീൽ പയ്യോളി
: +966 55 771 0981

ജോലിയാവശ്യാർഥം സൗദിയിലെത്തിയ സുഹൃത്ത് താൻ അകപ്പെട്ട കെണിയെക്കുറിച്ച് വേദനയോടെ പറയുകയുണ്ടായി. ബന്ധുകൂടിയായ ഒരാൾ ജോലിയുണ്ടെന്നു പറഞ്ഞിട്ടാണ് വിസ സംഘടിപ്പിച്ച് സൗദി അറേബ്യയിലേക്ക് വിമാനം കയറിയത്. ഭീമമായ തുക ചെലവഴിച്ച് ഇവിടെ എത്തിയപ്പോഴാണ് എന്തൊക്കെയോ കാരണങ്ങൾ പറഞ്ഞു ജോലി വാഗ്ദാനം നൽകിയ ആൾ പിൻമാറിയത്. ജോലിയന്വേഷിച്ച് കുറെ നടന്നു; ഒന്നും ശരിയായില്ല.

ഉപജീവനം തേടി, എങ്ങനെയൊക്കെയോ പണം ഒപ്പിച്ച് വിദേശത്ത് എത്തിയശേഷം പ്രതീക്ഷിച്ച ജോലി ലഭിക്കാതിരുന്നാലുള്ള വിഷമം ചെറുതല്ല. ജോലി വാദ്ഗാനം ചെയ്യുന്ന പരസ്യങ്ങൾ ധാരാളം കാണും. കമ്പനികൾക്ക് മിക്കവാറും സൗജന്യമായാണ് സർക്കാർ വിസ അനുവദിക്കുന്നത്. എന്നാൽ ഏജൻസികൾ വലിയ തുക വാങ്ങിയാണ് വിസക്കച്ചവടം നടത്തുന്നത്. സൗദിയിൽതന്നെ വിസ വിൽക്കുന്നവരും വിസ വാങ്ങി ജോലി നേടുന്നവരുമുണ്ട്. എന്തായാലും വിസയുടെ കാര്യത്തിൽ വഞ്ചിക്കപ്പെടാതിരിക്കാൻ ജോലിയന്വേഷിക്കുന്നവർ ജാഗ്രത കാണിക്കണം.

ജോലി തേടി അന്യനാട്ടിലേക്ക് പോകുമ്പോൾ അവിടെയുള്ള സാഹചര്യങ്ങൾ മനസ്സിലാക്കൽ അനിവാര്യമാണ്. ദിനേന ജീവിത ച്ചെലവുകൾ വർധിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, പണത്തിന്റെ മൂല്യം ഇടിയുന്ന ഘട്ടത്തിൽ ആളുകളെ കബളിപ്പിക്കുന്ന റിക്രൂട്ടിങ് കേന്ദ്രങ്ങളും തൊഴിൽ ദാതാക്കളുമുണ്ട്. വിദേശ കറൻസിയെ ഇന്ത്യൻ രൂപയിലേക്ക് മാറ്റി വലിയ തുക ശമ്പളമായി ലഭിക്കും എന്ന തെറ്റിദ്ധരിപ്പിക്കൽ ഈ രംഗത്ത് സർവസാധാരണമാണ്. അത് ഒഴിവാക്കാൻ നമ്മൾ ജോലിയന്വേഷിക്കുന്ന രാജ്യത്തെ, സ്ഥലത്തെ സാഹചര്യങ്ങൾ അന്വേഷിച്ചറിയണം. നാട്ടിലെ ശമ്പളമല്ല വിദേശത്ത് ലഭിക്കുക എന്നത് യാഥാർഥ്യമാണ്. പല മടങ്ങു വർധനയുണ്ടാവും. എന്നാൽ അതിന് ആനുപാതികമായ ചെലവും ഉണ്ടെന്നത് തൊഴിലന്വേഷകർ പലപ്പോഴും ഓർക്കാറില്ല. വരവ് വിദേശ കറൻസിയിലാണെങ്കിൽ ചെലവും ആ കറൻസിയിലാണ്. നാട്ടിൽ 10 രൂപക്ക് ചായ കിട്ടുമെന്നു കരുതി വിദേശത്തും അങ്ങനെയാവും എന്ന് കരുതരുത്. ഇരട്ടിയിലേറെ നൽകേണ്ടിവരും ഒരു ചായ കുടിക്കാൻ. അങ്ങനെ എല്ലാ ചെലവും നമുക്ക് ശമ്പളം ലഭിക്കുന്ന കറൻസിയിൽ തന്നെയാവും. ഓരോ നാട്ടിലും താമസിക്കുന്ന സ്ഥലത്തെ ചെലവുകൾ തമ്മിൽ വലിയ അന്തരമുണ്ടാവും. ജോലി നോക്കുന്ന ഇടത്തിലെ സാഹചര്യങ്ങൾ അവിടെയുള്ള ആളുകളുമായി സംസാരിച്ച് വ്യക്തത വരുത്തണം.

ഇന്റർവ്യൂ നടത്തുന്നവർക്ക് പരമാവധി കുറഞ്ഞ വേതനത്തിന് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുക എന്നതായിരിക്കും പ്ലാൻ. അതുകൊണ്ടു തന്നെ ജോലിയന്വേഷിക്കുന്ന ഇടത്തെ സാഹചര്യങ്ങൾ മനസ്സിലാക്കി പോയാൽ മാത്രമാണ് മാന്യമായ ശമ്പളം പറയാനും ലഭിക്കാനുമുള്ള സാഹചര്യമുണ്ടാവുക. എത്രയാണ് പ്രതീക്ഷിക്കുന്ന ശമ്പളം എന്ന ചോദ്യം ഇന്റർവ്യൂവിലെ അനിവാര്യഘടകമാണെല്ലോ. ഓരോ ജോലിക്കും സ്റ്റാൻഡേർഡ് സാലറിയുണ്ടാവും. അതിൽ താഴെ ലഭിക്കുമ്പോഴാണ് നമ്മൾ പ്രതിസന്ധിയിലാവുക. വിദ്യാഭ്യാസ യോഗ്യത, കഴിവുകൾ, ജോലി ചെയ്യാനുള്ള താൽപര്യം, എക്സ്പീരിയൻസ് എന്നിവ കണക്കിലെടുത്താണ് ശമ്പളം നിശ്ചയിക്കുന്നത്. അതുകൊണ്ട് തന്നെ എല്ലാറ്റിലും കൃത്യമായ ധാരണയോടുകൂടിയാണ് ഇന്റർവ്യൂ അറ്റൻഡ് ചെയ്യേണ്ടത്.

ഇന്റർവ്യൂവിൽ വിജയിച്ചാൽ, അല്ലെങ്കിൽ ജോലി വാഗ്ദാനം ചെയ്യപ്പെട്ടാൽ കരാർ ലഭിക്കാൻ ശ്രദ്ധിക്കണം. അതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പൂർണമായും വായിച്ചു ബോധ്യപ്പെടണം. ആവശ്യമായ ഉപദേശ നിർദേശങ്ങൾക്കു വേണ്ടി, അറിയാവുന്നവരെ സമീപിച്ചു മാത്രമാണ് കരാറിൽ ഒപ്പിടേണ്ടതും അംഗീകരിക്കേണ്ടതും. ആരുടെയെങ്കിലും വാഗ്ദാനങ്ങൾ കേട്ട് വലിയ തുക ചെലവാക്കി വിദേശത്തു പോയി പ്രതിസന്ധിയിൽ അകപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നല്ല ജാഗ്രതയുണ്ടായേ തീരൂ. ■



ശരീരത്തിന്റെ ഹോർമോൺ സന്തുലിതാവസ്ഥ പോലെത്തന്നെ മനസ്സിന്റെ ആരോഗ്യവും പ്രധാനമാണ്. ആരോഗ്യകരമായ ഭക്ഷണം, കൃത്യമായ ചികിത്സ, മനസ്സിനോടുള്ള കരുതൽ-ഇവയാണ് ആരോഗ്യകരമായ ജീവിതത്തിലേക്കുള്ള വഴികൾ.

# തൈറോയിഡ് രോഗങ്ങൾ മാനസികാരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു?

ഡോ. ശബ്ന കാരാടൻ
(BHMS)

നമ്മുടെ ശരീരത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിൽ നിർണായകമായ പങ്കുവഹിക്കുന്ന ഒരു ചെറിയ ഗ്രന്ഥിയാണ് തൈറോയിഡ്. കഴുത്തിന്റെ മുൻഭാഗത്ത് ചിത്രശലഭത്തിന്റെ ആകൃതിയിൽ സ്ഥിതിചെയ്യുന്ന ഈ ഗ്രന്ഥി ഉത്പാദിപ്പിക്കുന്ന ഹോർമോണുകൾ ശരീരത്തിലെ ഉപാപചയ പ്രവർത്തനങ്ങൾ, ഊർജോത്പാദനം, ഹൃദയമിടിപ്പ്, ശരീരതാപനില, വളർച്ച, തലച്ചോറിന്റെ പ്രവർത്തനം എന്നിവയെ സ്വാധീനിക്കുന്നു. എന്നാൽ തൈറോയിഡ് ഗ്രന്ഥിയുടെ പ്രവർത്തനത്തിൽ വ്യതിയാനം സംഭവിക്കുമ്പോൾ അത് ശരീരത്തെ മാത്രമല്ല, നമ്മുടെ മാനസികാവസ്ഥയെയും ചിന്തകളെയും ഉറക്കത്തെയും ദൈനംദിന ജീവിതത്തെയുംവരെ ബാധിച്ചേക്കാം.



**ശരീരത്തിലെ ഹോർമോൺ വ്യതിയാനങ്ങളും തലച്ചോറിന്റെ പ്രവർത്തനവും തമ്മിൽ അടുത്ത ബന്ധമുണ്ട്. തൈറോയിഡ് ഹോർമോണുകളുടെ അളവിൽ വ്യതിയാനം സംഭവിക്കുമ്പോൾ ചിലരിൽ മാനസികാവസ്ഥയിലും ചിന്താശേഷിയിലും മാറ്റങ്ങൾ ഉണ്ടാകാം. ഇന്ന് സ്ത്രീകളിലും പുരുഷന്മാരിലും ഒരുപോലെ കണ്ടുവരുന്ന തൈറോയിഡ് രോഗങ്ങളെക്കുറിച്ച് അവബോധം വളർത്തേണ്ടത് അനിവാര്യമാണ്. രോഗലക്ഷണങ്ങൾ തിരിച്ചറിയുന്നതിനൊപ്പം ശരിയായ ചികിത്സ, സമീകൃതാഹാരം, വ്യായാമം, മാനസികാരോഗ്യസംരക്ഷണം എന്നിവയ്ക്കും പ്രാധാന്യം നൽകണം.**

തൈറോയിഡ് ഗ്രന്ഥി അമിതമായി ഹോർമോണുകൾ ഉത്പാദിപ്പിക്കുന്ന അവസ്ഥയാണ് ഹൈപ്പർതൈറോയിഡിസം (Hyperthyroidism). ഹൃദയമിടിപ്പ് കൂടുക, അമിതമായി വിയർക്കുക, കൈവിറയൽ, ഉറക്കക്കുറവ്, അസ്വസ്ഥത, വിശപ്പുണ്ടായിട്ടും ശരീരഭാരം കുറയുക തുടങ്ങിയ ലക്ഷണങ്ങൾ ഇതിൽ കാണാം.

ഈ രണ്ട് അവസ്ഥകളും ശരീരത്തിന്റെ ശാരീരിക പ്രവർത്തനങ്ങളെ മാത്രമല്ല, വൈകാരികമായും മാനസികമായും വ്യക്തിയെ സ്വാധീനിച്ചേക്കാം.

### തൈറോയിഡും മാനസികാരോഗ്യവും തമ്മിലുള്ള ബന്ധം

ശരീരത്തിലെ ഹോർമോൺ വ്യതിയാനങ്ങളും തലച്ചോറിന്റെ പ്രവർത്തനവും തമ്മിൽ അടുത്ത ബന്ധമുണ്ട്. തൈറോയിഡ് ഹോർമോണുകളുടെ അളവിൽ വ്യതിയാനം സംഭവിക്കുമ്പോൾ ചിലരിൽ മാനസികാവസ്ഥയിലും ചിന്താശേഷിയിലും മാറ്റങ്ങൾ ഉണ്ടാകാം.

ഇന്ന് സ്ത്രീകളിലും പുരുഷന്മാരിലും ഒരുപോലെ കണ്ടുവരുന്ന തൈറോയിഡ് രോഗങ്ങളെക്കുറിച്ച് അവബോധം വളർത്തേണ്ടത് അനിവാര്യമാണ്. രോഗലക്ഷണങ്ങൾ തിരിച്ചറിയുന്നതിനൊപ്പം ശരിയായ ചികിത്സ, സമീകൃതാഹാരം, വ്യായാമം, മാനസികാരോഗ്യസംരക്ഷണം എന്നിവയ്ക്കും പ്രാധാന്യം നൽകണം.

### തൈറോയിഡ് രോഗങ്ങൾ എന്തൊക്കെയാണ്?

തൈറോയിഡ് ഗ്രന്ഥി ആവശ്യത്തിന് ഹോർമോണുകൾ ഉത്പാദിപ്പിക്കാതിരിക്കുന്ന അവസ്ഥയാണ് ഹൈപ്പോതൈറോയിഡിസം (Hypothyroidism). ഇതിന്റെ ഫലമായി ശരീരത്തിലെ ഉപാപചയ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുന്നു. ക്ഷീണം, ശരീരഭാരം വർധിക്കൽ, തണുപ്പ് സഹിക്കാനുള്ള ബുദ്ധിമുട്ട്, മലബന്ധം, വരണ്ടചർമം, മുടികൊഴിച്ചിൽ, ശ്രദ്ധക്കുറവ് എന്നിവ ഇതിന്റെ ചില ലക്ഷണങ്ങളാണ്.

1. *ഹൈപ്പോതൈറോയിഡിസവും വിഷാദലക്ഷണങ്ങളും*

തൈറോയിഡ് ഹോർമോണിന്റെ കുറവ് ചിലരിൽ നിരാശ, ഉത്സാഹക്കുറവ്, അമിതക്ഷീണം, ഓർമക്കുറവ്, ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ബുദ്ധിമുട്ട് തുടങ്ങിയ ലക്ഷണങ്ങൾക്ക് കാരണമാകാം. ഉറക്കത്തിലും ദൈനംദിന പ്രവർത്തനങ്ങളിലും മാറ്റങ്ങൾ അനുഭവപ്പെടാം. ചിലരിൽ വിഷാദരോഗത്തിന്റെ ലക്ഷണങ്ങളോടും സാമ്യമുള്ള അവസ്ഥകൾ ഉണ്ടാകാം.

ഇത്തരം ലക്ഷണങ്ങളെ വെറും മടിയായോ അലസതയായോ

കാണരുത്. തുടർച്ചയായ ക്ഷീണമോ മാനസികാവസ്ഥയിലെ മാറ്റങ്ങളോ അനുഭവപ്പെടുന്നുണ്ടെങ്കിൽ വൈദ്യപരിശോധന ആവശ്യമാണ്.

2. *ഹൈപ്പർതൈറോയിഡിസവും ഉത്കണ്ഠയും*

തൈറോയിഡ് ഹോർമോണുകൾ അമിതമായി ഉത്പാദിപ്പിക്കപ്പെടുമ്പോൾ ചിലർക്ക് അമിതമായ ഉത്കണ്ഠ, അസ്വസ്ഥത, ദേഷ്യം, ഉറക്കക്കുറവ്, ഹൃദയമിടിപ്പ് കൂടുന്നതിനെക്കുറിച്ചുള്ള ഭയം എന്നിവ അനുഭവപ്പെടാം. കാരണമില്ലാതെ പരിഭ്രാന്തി തോന്നുന്നതായും ശ്രദ്ധ കേന്ദ്രീകരിക്കാൻ ബുദ്ധിമുട്ടുന്നതായും ചിലർ പരാതിപ്പെടാറുണ്ട്. ഇത്തരം ലക്ഷണങ്ങൾ എല്ലായ്പ്പോഴും തൈറോയിഡ് രോഗം മൂലമാണെന്നു കരുതരുത്. ശാരീരികവും മാനസികവുമായ മറ്റു കാരണങ്ങളും പരിശോധിക്കേണ്ടതുണ്ട്.

3. *സ്ത്രീകളിലെ മാനസികാരോഗ്യവും തൈറോയിഡും*

സ്ത്രീകളിൽ - പ്രത്യേകിച്ച് ഗർഭധാരണകാലത്തും പ്രസവാനന്തര കാലത്തും-തൈറോയിഡ് പ്രവർത്തനത്തിലെ വ്യതിയാനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഹോർമോൺ വ്യതിയാനങ്ങൾ ക്ഷീണം, ഉറക്ക പ്രശ്നങ്ങൾ, മാനസികാവസ്ഥയിലെ മാറ്റങ്ങൾ എന്നിവയ്ക്ക് കാരണമാകാം. എന്നാൽ ഈ ലക്ഷണങ്ങളെല്ലാം തൈറോയിഡ് രോഗം കൊണ്ടുമാത്രമല്ല ഉണ്ടാകുന്നത്. ആവശ്യമായ പരിശോധനകളും വിദഗ്ധോപദേശവും പ്രധാനമാണ്.

**തൈറോയിഡ് രോഗികൾക്കുള്ള ഭക്ഷണക്രമം**

തൈറോയിഡ് ആരോഗ്യത്തിൽ പോഷകാഹാരത്തിന് പ്രധാന പങ്കുണ്ട്. എന്നാൽ ഒരു പ്രത്യേക ഭക്ഷണം കഴിച്ചതുകൊണ്ടോ ചില ഭക്ഷണങ്ങൾ പൂർണമായി ഒഴിവാക്കിയതുകൊണ്ടോ എല്ലാ തൈറോയിഡ് രോഗങ്ങളും നിയന്ത്രിക്കാനാവില്ല. വ്യക്തിയുടെ രോഗാവസ്ഥ, പരിശോധനാഫലങ്ങൾ, മറ്റ് ആരോഗ്യപ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്തായിരിക്കണം ഭക്ഷണക്രമം തീരുമാനിക്കേണ്ടത്.

**അയഡിൻ അടങ്ങിയ ഭക്ഷണങ്ങൾ**

തൈറോയിഡ് ഹോർമോണുകളുടെ ഉത്പാദനത്തിന് അയഡിൻ ആവശ്യമാണ്. അയഡിൻ ചേർത്ത ഉപ്പ്, മത്സ്യം, മുട്ട, പാൽ തുടങ്ങിയവ ഭക്ഷണത്തിലെ അയഡിന്റെ ഉറവിടങ്ങളാണ്. എന്നാൽ അയഡിൻ അമിതമായി ഉപയോഗിക്കുന്നതും ദോഷകരമായേക്കാം. അതിനാൽ ഡോക്ടറുടെ നിർദേശമില്ലാതെ അയഡിൻ സപ്ലിമെന്റുകൾ ഉപയോഗിക്കരുത്.

**പ്രോട്ടീൻ അടങ്ങിയ ഭക്ഷണങ്ങൾ**

മുട്ട, മത്സ്യം, പയറുവർഗങ്ങൾ, കടല, ചെറുപയർ, പാൽ, തൈര് തുടങ്ങിയവ ശരീരത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഭക്ഷണത്തിൽ ഉൾപ്പെടുത്താം. ആവശ്യത്തിന് പ്രോട്ടീൻ ലഭിക്കുന്നത് ശരീരത്തിന്റെ പൊതുവായ ആരോഗ്യത്തിനും പേശികളുടെ സംരക്ഷണത്തിനും സഹായിക്കുന്നു.

**ഇരുമ്പും സെലീനിയവും അടങ്ങിയ ഭക്ഷണങ്ങൾ**

ഇരുമ്പിന്റെ കുറവ് ക്ഷീണത്തിനും മറ്റ് ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകാം. ഇലക്കറികൾ, പയറുവർഗങ്ങൾ, മാംസം എന്നിവ ഇരുമ്പിന്റെ ഉറവിടങ്ങ



**തൈറോയിഡ് ഹോർമോണുകൾ അമിതമായി ഉത്പാദിപ്പിക്കപ്പെടുമ്പോൾ ചിലർക്ക് അമിതമായ ഉത്കണ്ഠ, അസ്വസ്ഥത, ദേഷ്യം, ഉറക്കക്കുറവ്, ഹൃദയമിടിപ്പ് കൂടുന്നതിനെക്കുറിച്ചുള്ള ഭയം എന്നിവ അനുഭവപ്പെടാം. കാരണമില്ലാതെ പരിഭ്രാന്തി തോന്നുന്നതായും ശ്രദ്ധ കേന്ദ്രീകരിക്കാൻ ബുദ്ധിമുട്ടുന്നതായും ചിലർ പരാതിപ്പെടാറുണ്ട്. ഇത്തരം ലക്ഷണങ്ങൾ എല്ലായ്പ്പോഴും തൈറോയിഡ് രോഗം മൂലമാണെന്നു കരുതരുത്. ശാരീരികവും മാനസികവുമായ മറ്റു കാരണങ്ങളും പരിശോധിക്കേണ്ടതുണ്ട്.**

ളാണ്. മത്സ്യം, മുട്ട, ധാന്യങ്ങൾ, ചില നട്സ് എന്നിവയിൽ സെലീനിയവും ലഭിക്കും. ഇവ ആവശ്യമായ അളവിൽ ലഭിക്കുന്നത് പ്രധാനമാണെങ്കിലും അധികമായി സപ്ലിമെന്റുകൾ കഴിക്കുന്നത് സുരക്ഷിതമാണെന്നു കരുതരുത്.

**പച്ചക്കറികളും പഴങ്ങളും**

പച്ചക്കറികൾ, ഇലക്കറികൾ, പഴങ്ങൾ, മുഴുധാന്യങ്ങൾ, പയർവർഗങ്ങൾ എന്നിവ ഉൾപ്പെടുത്തിയ സമീകൃതാഹാരം പൊതുവായ ആരോഗ്യത്തിന് ഗുണകരമാണ്. കാബേജ്, കോളിഫ്ളവർ, ബ്രോക്കോളി തുടങ്ങിയ പച്ചക്കറികൾ സാധാരണ അളവിൽ കഴിക്കുന്നതുകൊണ്ട് കുഴപ്പമില്ല; അവ പൂർണമായി ഒഴിവാക്കേണ്ടതില്ല.

**ഒഴിവാക്കേണ്ട ഭക്ഷണശീലങ്ങൾ**

അമിതമായ പഞ്ചസാര, ഉയർന്ന അളവിലുള്ള ഉപ്പ്, സംസ്കരിച്ച ഭക്ഷണങ്ങൾ, പോഷകക്കുറവുള്ള ഭക്ഷണങ്ങൾ എന്നിവ നിയന്ത്രിക്കണം. ശരീരഭാരം നിയന്ത്രിക്കാനായി കടുത്ത പട്ടിണി ഡയറ്റുകളോ പോഷകങ്ങൾ കുറവുള്ള ഭക്ഷണക്രമങ്ങളോ സ്വീകരിക്കരുത്. ഗ്ലൂട്ടൻ ഒഴിവാക്കേണ്ടത് എല്ലാവർക്കും നിർബന്ധമല്ല; സീലിയാക് രോഗം പോലുള്ള പ്രത്യേക അവസ്ഥകളിൽ ഡോക്ടറുടെ നിർദേശം അനുസരി ക്കണം.

**തൈറോയിഡ് മരുന്നും ഭക്ഷണവും: ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ഹൈപ്പോതൈറോയിഡിസത്തിന് മരുന്നുകൾ നിർദേശിച്ചിട്ടുണ്ടെങ്കിൽ മരുന്ന് കൃത്യമായി കഴിക്കണം. മറ്റു മരുന്നുകൾ കഴിക്കുന്നത് ഡോക്ടറുമായി ആലോചിച്ചിട്ടായിരിക്കണം. ആവശ്യമായ ഇടവേളകളിൽ TSH, ആവശ്യാനുസരണം Free T4 തുടങ്ങിയ പരിശോധനകൾ നടത്തി ചികിത്സ വിലയിരുത്തണം.

**മാനസികാരോഗ്യം സംരക്ഷിക്കാൻ ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങൾ:**

തൈറോയിഡ് രോഗികൾ ശാരീരിക ആരോഗ്യത്തോടൊപ്പം മാനസികാരോഗ്യവും സംരക്ഷിക്കേണ്ടതുണ്ട്.

- ദിവസവും ആവശ്യത്തിന് ഉറക്കം ഉറപ്പാക്കുക.
- ആരോഗ്യസ്ഥിതിക്കനുസരിച്ച് നടത്തം പോലുള്ള വ്യായാമങ്ങൾ പതിവാക്കുക.
- കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും ആശയവിനിമയം നിലനിർത്തുക.
- അമിതക്ഷീണം, നിരാശ, ഉത്കണ്ഠ, ഉറക്കപ്രശ്നങ്ങൾ എന്നിവ ദീർഘകാലം തുടരുകയാണെങ്കിൽ വൈദ്യസഹായം തേടുക.

തൈറോയിഡ് ഹോർമോണുകളുടെ അളവ് സാധാരണ നിലയിലായിട്ടും വിഷാദമോ ഉത്കണ്ഠയോ തുടരുന്നുണ്ടെങ്കിൽ മാനസികാരോഗ്യ വിദഗ്ധന്റെ വിലയിരുത്തൽ ആവശ്യമായേക്കാം. മാനസികാരോഗ്യ പ്രശ്നങ്ങളെ അവഗണിക്കുകയോ വ്യക്തിയുടെ മനക്കരുത്തിന്റെ കുറവായി മാത്രം കാണുകയോ ചെയ്യരുത്.

**ചില പൊതുവായ തെറ്റിദ്ധാരണകൾ**

തൈറോയിഡ് രോഗമുള്ള എല്ലാവർക്കും ശരീരഭാരം കൂടണമെന്നില്ല. ശരീരഭാരത്തിലെ മാറ്റങ്ങൾ ഭക്ഷണ

ശീലം, ശാരീരികപ്രവർത്തനം, മറ്റ് ആരോഗ്യപ്രശ്നങ്ങൾ എന്നിവയെയും ആശ്രയിച്ചിരിക്കുന്നു. അതുപോലെ, എല്ലാ തൈറോയിഡ് രോഗികൾക്കും ഒരേ ഭക്ഷണക്രമം അനുയോജ്യമല്ല. വ്യക്തിഗത ആരോഗ്യാവസ്ഥ അനുസരിച്ച് ഭക്ഷണക്രമത്തിൽ മാറ്റങ്ങൾ വരുത്തണം. ഭക്ഷണം, വ്യായാമം, മാനസിക സമ്മർദ നിയന്ത്രണം എന്നിവ ചികിത്സയ്ക്ക് സഹായകരമാണെങ്കിലും, അവ ആവശ്യമായ മരുന്നുകൾക്കും വൈദ്യപരിശോധനയ്ക്കും പകരമല്ല.

തൈറോയിഡ് രോഗം ഒരു ഹോർമോൺ വ്യതിയാനം മാത്രമല്ല; ചിലരിൽ അത് ഊർജം, ഉറക്കം, മാനസികാവസ്ഥ, ജീവിതനിലവാരം എന്നിവയെയും ബാധിച്ചേക്കാം. അതിനാൽ രോഗലക്ഷണങ്ങളെ നേരത്തേ തിരിച്ചറിയുക, ശരിയായ പരിശോധനകൾ നടത്തുക, വിദഗ്ധ നിർദേശപ്രകാരം ചികിത്സ സ്വീകരിക്കുക, സമീകൃതാഹാരം ശീലമാക്കുക എന്നിവയ്ക്ക് പ്രാധാന്യം നൽകണം.

ശരിയായ ചികിത്സയും ആരോഗ്യകരമായ ജീവിതശൈലിയും മാനസികാരോഗ്യ സംരക്ഷണവും ഒരുമിച്ചുചേരുമ്പോൾ തൈറോയിഡ് രോഗമുള്ളവർക്കു മെച്ചപ്പെട്ട ജീവിതനിലവാരം കൈവരിക്കാൻ കഴിയും.

ഓർക്കുക; ശരീരത്തിന്റെ ഹോർമോൺ സന്തുലിതാവസ്ഥ പോലെത്തന്നെ മനസ്സിന്റെ ആരോഗ്യവും പ്രധാനമാണ്. ആരോഗ്യകരമായ ഭക്ഷണം, കൃത്യമായ ചികിത്സ, മനസ്സിനോടുള്ള കരുതൽ-ഇവയാണ് ആരോഗ്യകരമായ ജീവിതത്തിലേക്കുള്ള വഴികൾ. ■



# സമയം

നജീബ് കെ.സി.

കാലമൊരുമഹാ സമയസാഗരം
അതിരുമാഴവും അറിയാത്ത സാഗരം
മർത്യനതിനകം മത്സ്യമെങ്കിലോ
നീന്തിയെത്തുമോ ദൂരമത്രയും;
നാം നീന്തിയെത്തുമോ ദൂരമത്രയും?

വാനവിസ്തൃതം കാലവിസ്മയം;
അളന്നറിഞ്ഞുവോ പ്രവാഹചക്രവും?
മാനവൻ ദ്രുതം പറവയെങ്കിലോ,
പറന്നുചെല്ലുമോ പരിധിയത്രയും;
നാം പറന്നുചെല്ലുമോ പരിധിയത്രയും?

അതീതകാലവും യുഗങ്ങൾ ഭാവിയും
വിശാലമെങ്കിലും നമുക്കു പ്രാപ്യമോ?
നന്മ ചെയ്യുവാൻ തത്സമയമാത്രകൾ;
ഹൃദയതാളവും നിലച്ചൊടുങ്ങിടുംവരെ, നീ
ഹൃദയതാളവും നിലച്ചൊടുങ്ങിടുംവരെ.

സമയമില്ലയോ, നേരം നീങ്ങിയില്ലയോ,
'സമയദോഷ'മോ! വീണ്ടും പരിഭവങ്ങളോ?
സമയവീചികൾ മാഞ്ഞുപോകവേ,
സഫലമോ വിഫലമോ കർമവീഥികൾ?
സ്മരിച്ചിടാം, വരിച്ചിടാം അധികനന്മകൾ.

■



# ആരാണു സമസ്തയെ പിളർത്തിയത്?

മുസ്തഫ കമാൽ, മൂന്നിയൂർ
: 7558034059

> യഥാർഥത്തിൽ 'സുന്നി'യിൽ നിന്നല്ല കാന്തപുരത്തെ ഒഴിവാക്കിയത്, മറിച്ച് സമസ്തയിൽ നിന്നാണ്. അങ്ങനെ വരുമ്പോൾ 'സമസ്ത ഐക്യ'മാണ് വേണ്ടത്, 'സുന്നി ഐക്യ' മല്ല. സുന്നി ആശയമെന്ന് ഇരു വിഭാഗവും വ്യവഹരിക്കുന്ന വിഷയങ്ങളിൽ ഇരു വിഭാഗത്തിനും ഇന്നുവരെ അഭിപ്രായ വ്യത്യാസം ഉണ്ടായിട്ടില്ല. പ്രവാചക ചര്യയിൽ കാണപ്പെടാത്ത കാര്യങ്ങൾക്കാണ് ഇരുവിഭാഗവും സുന്നി ആശയമെന്നു പറഞ്ഞുവരുന്നത്! മൗലൂദ്, റാതീബ്, നബിദിനാഘോഷം തുടങ്ങിയ കാര്യങ്ങൾ അനുഷ്ഠിക്കുന്നതിൽ ഈ വിഭാഗങ്ങൾ തമ്മിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഇരു വിഭാഗവും ഒരുപോലെ വാശിയോടെ ഇല്ലാം തുടർന്ന് വരുന്നതായി കാണാം.

ആരാണു സമസ്തയെ പിളർത്തിയത്? അടുത്തിടെ കാന്തപുരം അബുബക്കർ മുസ്‌ലിയാർ ഒരു പ്രസംഗത്തിനിടയിൽ, എന്നെ ഇ.കെ. അബുബക്കർ മുസ്‌ലിയാരാണ് സമസ്തയിലേക്കു കൊണ്ടുവന്നതെന്നും പിന്നീട് ഞങ്ങളെ ചില ബാഹ്യശക്തികൾ തമ്മിൽ അകറ്റി എന്നും കരഞ്ഞുകൊണ്ട് പറയുന്ന ഒരു വിഡിയോ സോഷ്യൽ മിഡിയയിൽ വ്യാപകമായി പ്രചരിച്ചിരുന്നു.

ഇതിനെ അനുകൂലിച്ച് ഈയിടെ ഔദ്യോഗിക സമസ്തയിൽനിന്ന് വിഘടിച്ച് നിൽക്കുന്ന 'ശജറ'കൾ, അന്ന് ഇ.കെ. അബുബക്കർ മുസ്‌ലിയാരെയും കാന്തപുരത്തെയും തമ്മിൽ അകറ്റിയത് മുജാഹിദുകളാണെന്നു പറഞ്ഞത് സോഷ്യൽ മീഡിയയിലൂടെ പ്രചരിക്കുന്നുണ്ട്. എന്താണു വസ്തുത?

1926 ജൂൺ 26ന് കോഴിക്കോട് ടൗൺ ഹാളിൽവച്ച് രൂപീകൃതമായ 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമ' എന്ന സംഘടന ഇതിനകം മൂന്നായി പിളർന്നതായി

സംഘടനയുടെ ചരിത്രത്തിൽ കാണാം, ശൈഖ് ഹസൻ ഹസ്രത്ത്, കൈപറ്റ ബീരാൻകുട്ടി മൗലവി, അബ്ദുറഹ്മാൻ ഫദ്ഫരി ഹസ്രത്ത് എന്ന കുട്ടി മുസ്‌ലിയാർ, കെ.സി മുഹമ്മദ് മൗലവി തുടങ്ങിയവരുടെ നേതൃത്വത്തിൽ 1966ൽ 'അഖില കേരള ജംഇയ്യത്തുൽ ഉലമ' എന്നൊരു സംഘടന രൂപീകരിച്ചതായി കാണാം.

തബ്‌ലീഗ് ജമാഅത്ത് ബിദ്ഈ സംഘടനയാണെന്ന സമസ്ത മുശാവറയുടെ തീരുമാനമാണ് ഇവർക്ക് മറ്റൊരു സംഘടന രൂപകരിച്ചതിന് പ്രേരണ എന്ന് പറയപ്പെടുന്നു. കർമശാസ്ത്ര സംബന്ധിയായ മറ്റൊരു പ്രശ്നമാണ് രണ്ടാം പിളർപ്പിനു കാരണമായി പറയപ്പെടുന്നത്.

ജുമുഅ ഖുത്വുബക്ക് ഉച്ചഭാഷിണി ഉപയോഗത്തിന് മുശാവറ അനുവദിച്ചതിനോടു യോജിക്കാൻ കഴിയാതെ സമസ്തയുടെ പ്രമുഖ നേതാവായിരുന്ന സ്വദഖത്തുല്ല മുസ്‌ലിയാർ പുറത്തുപോകുകയും ഏതാനും അനുയായികളെ കൂട്ടി 'സംസ്ഥാന കേരള ജംഇയ്യത്തുൽ ഉലമ' എന്ന സംഘടന രൂപികരിക്കുകയും ചെയ്തു.

മുകളിൽ പറഞ്ഞ രണ്ടു പിളർപ്പിനും പുറമെനിന്ന് രാഷ്ട്രീയ പിന്തുണ ലഭിക്കാത്തതുകൊണ്ട് സമുദായത്തിൽ പള്ളി-മദ്റസകൾ വീതംവയ്ക്കുകയോ അതുമൂലമുള്ള സംഘർഷങ്ങൾ ഉടലെടുക്കുകയോ ചെയ്തില്ല.

1989ൽ ഫെബ്രുവരി 18ന് ചേർന്ന 'സമസ്ത മുശാവറ യോഗം' അന്ന് മുശാവറ അംഗമായിരുന്ന കാന്തപുരം അബൂബക്കർ മുസ്‌ലിയാരെ പുറത്താക്കി. ഇതോടെ മൂന്നാം പിളർപ്പിനു കളമൊരുങ്ങി. തുടർന്ന് എപി വിഭാഗമെന്ന പേരിലും ഇകെ വിഭാഗമെന്ന പേരിലും രണ്ടു ഗ്രൂപ്പുകൾ ശക്തമായി. കാന്തപുരം വിഭാഗത്തിന് സിപിഎം അടക്കമുള്ള ഇടതുപക്ഷം

**നേരെത്തെ കൊണ്ടുവന്ന കേശത്തിന് സ്വീകര്യത ലഭിക്കാതെപോയതും കാന്തപുരം അണികൾക്കിടയിൽ പോലും സംശയം ജനിപ്പിച്ചതിൽ ഇ കെ വിഭാഗത്തിന്റെ അന്നത്തെ ശക്തമായ എതിർപ്പ് ഹേതുവായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. മേലിൽ അത്തരം എതിർപ്പുകൾ ഇല്ലാതാക്കാൻ ഈ ഐക്യശ്രമം ഉപകരിക്കുമെന്ന തിരിച്ചറിവാണ് പുതിയ ഐക്യ ശ്രമങ്ങൾക്കു പിന്നിലെന്നു മനസ്സിലാക്കാൻ അധിക ബുദ്ധിയൊന്നും വേണ്ട.**

പിന്തുണ നൽകിയത് ഗ്രൂപ്പിന്റെ വളർച്ചക്ക് സഹായകമായതായി വിലയിരുത്തപ്പെടുന്നുണ്ട്.

1980കളിൽ തന്നെ കാന്തപുരം അബൂബക്കർ മുസ്‌ലിയാർക്കെതിരെ സമസ്തയിൽ കോഴിക്കോട് ജില്ലയിലെ അരീക്കാട്ട് ഒരു പള്ളി നിർമാണത്തിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് വിമർശനങ്ങൾ ഉയർന്നിരുന്നു. 1989ൽ കാന്തപുരത്തെ സമസ്തയിൽനിന്ന് പുറത്താക്കാനുള്ള കാരണം പക്ഷേ, അതല്ല. 1986ൽ ശരീഅത്ത് വിവാദകാലത്ത് അന്നത്തെ സമസ്തയുടെ പ്രസിഡന്റായിരുന്ന ഇകെ അബൂബക്കർ മുസ്‌ലിയാർ മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയവയുമായി വേദി പങ്കിട്ടത് 'സമസ്തയുടെ' തീരുമാനങ്ങൾക്ക് വിരുദ്ധമാണെന്ന പ്രചാരണവുമായി കാന്തപുരം രംഗത്തുവന്നിരുന്നു.

ഈ വിവാദം തുടരവെ 1988ൽ സുന്നി യുവജന സംഘത്തിന്റെ മധ്യമേഖല സമ്മേളനം നടത്താൻ കാന്തപുരം വിഭാഗം തീരുമാനിച്ചു. പ്രസ്തുത സമ്മേളനം മാറ്റിവയ്ക്കാൻ സമസ്ത നേതൃത്വം കാന്തപുരത്തോട് ആവശ്യപ്പെട്ടു. അദ്ദേഹം അത് നിരസിച്ചതാണ് പുറത്താക്കലിൽ കലാശിച്ചത്.

യഥാർഥത്തിൽ 'സുന്നി'യിൽ നിന്നല്ല

കാന്തപുരത്തെ ഒഴിവാക്കിയത്, മറിച്ച് സമസ്തയിൽ നിന്നാണ്. അങ്ങനെ വരുമ്പോൾ 'സമസ്ത ഐക്യ'മാണ് വേണ്ടത്, 'സുന്നിഐക്യ'മല്ല. സുന്നി ആശയമെന്ന് ഇരു വിഭാഗവും വ്യവഹരിക്കുന്ന വിഷയങ്ങളിൽ ഇരുവിഭാഗത്തിനും ഇന്നുവരെ അഭിപ്രായ വ്യത്യാസം ഉണ്ടായിട്ടില്ല.

പ്രവാചക ചര്യയിൽ കാണപ്പെടാത്ത കാര്യങ്ങൾക്കാണ് ഇരുവിഭാഗവും സുന്നി ആശയമെന്നു പറഞ്ഞു വരുന്നത്! മൗലൂദ്, റാതീബ്, നബിദിനാഘോഷം തുടങ്ങിയ കാര്യങ്ങൾ അനുഷ്ഠിക്കുന്നതിൽ ഈ വിഭാഗങ്ങൾ തമ്മിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഇരു വിഭാഗവും ഒരുപോലെ വാശിയോടെ ഇതല്ലാം തുടർന്നുവരുന്നതായി കാണാം.

**ഇനി ഐക്യം എന്തിനാ...?**

സമസ്തയിൽ ഉടലെടുത്ത ഈ ഭിന്നതകൊണ്ട് സമുദായത്തിന് ഒരു ദോഷവും വന്നിട്ടില്ല എന്ന് അവകാശപ്പെടുന്നവരാണ് ഇരുവിഭാഗവും. ഭിന്നതമൂലം നിരവധി സ്ഥാപനങ്ങൾ, പത്ര-പ്രസിദ്ധീകരണങ്ങൾ തുടങ്ങി പല നേട്ടങ്ങളും സമുദായത്തിന് ലഭ്യമായി എന്നവർ അവകാശപ്പെടുന്നു. യഥാർഥത്തിൽ വേണ്ടത് ഐക്യമല്ല, ലയനമാണ്. ഇകെ വിഭാഗം കാന്തപുരം വിഭാഗത്തിൽ ലയിക്കുകയാണു വേണ്ടത്. കാരണം, ജമാഅത്ത്-മുജാഹിദ് വിഭാഗങ്ങളോട് വേദി പങ്കിടാൻ പാടില്ല എന്നത് സമസ്തയുടെ ആദ്യകാല പ്രഖ്യാപിത തീരുമാനമാണ്. അതു ലംഘിച്ചതിൽനിന്നാണ് കാന്തപുരം വേറിട്ടുപോയത്.

തുടർന്ന് കാന്തപുരം വിഭാഗം പ്രസ്തുത നിലപാടിൽ ഉറച്ചുനിന്നു. എന്നാൽ ഇകെ വിഭാഗത്തിലെ പ്രമുഖർ അടുത്തകാലംവരെയും ജമാഅത്ത്-മുജാഹിദ് വിഭാഗങ്ങളുടെ വേദി പങ്കിട്ടുപോന്നിട്ടുണ്ട്.

അവസാനം നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തിൽ സമസ്തയുടെ ചില നേതാക്കൾ വേദി പങ്കിട്ടത് വൻ വിവാദമായതിനെത്തുടർന്ന് സമസ്തയുടെ പഴയ നിലപാടിലേക്ക് തിരിച്ചുപോകാൻ തീരുമാനിക്കുകയും അംഗങ്ങൾക്ക് പ്രസ്തുത വിഷയത്തിൽ കനത്ത താക്കീതു നൽകുകയും ചെയ്യുകയുണ്ടായി.

ഇവിടെ കാന്തപുരം നേരത്തെ എടുത്ത തീരുമാനത്തിലേക്ക് ഇകെ വിഭാഗം എത്തിയ സ്ഥിതിക്ക് രണ്ടു വിഭാഗത്തിന്റെയും ഭിന്നത അവസാനിച്ചതായി മനസ്സിലാക്കാം. ചുരുക്കത്തിൽ, കാന്തപുരം വിഭാഗത്തിന് ഇകെ വിഭാഗത്തെ തങ്ങളുടെ വരുതിയിൽ കൊണ്ടെത്തിക്കാൻ സാധിച്ചു എന്നുവേണം പറയാൻ!

ലയനം സാധ്യമാവില്ല എന്നു തിരിച്ചറിഞ്ഞ കാന്തപുരം അബൂബക്കർ മുസ്‌ലിയാർ തന്നെയാണ് ഐക്യ ശ്രമങ്ങൾക്ക് മുന്നിട്ടുവന്നത്. ഐക്യം സാധ്യമായാൽ അതിന്റെ പൂർണലാഭം ടിയാനു തന്നെയാണ്. കാരണം, ഐക്യ കരാറിലെ സുപ്രധാന വ്യസ്ഥകളിൽ ഒന്ന് പരസ്പരം വിമർശനം ഒഴിവാക്കുക എന്നതാണ്. കാന്തപുരം കൊണ്ടുവരുന്ന മുടി, ചട്ടി, പൊടി തുടങ്ങിയ തട്ടിപ്പുകൾക്ക് മുമ്പിൽ ഇകെ വിഭാഗം മൗനം പാലിക്കണം എന്നർഥം.

നേരെത്തെ കൊണ്ടുവന്ന കേശത്തിന് സ്വീകാര്യത ലഭിക്കാതെപോയതും കാന്തപുരം അണികൾക്കിടയിൽ പോലും സംശയം ജനിപ്പിച്ചതിൽ ഇകെ വിഭാഗത്തിന്റെ അന്നത്തെ ശക്തമായ എതിർപ്പ് ഹേതുവായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. മേലിൽ അത്തരം എതിർപ്പുകൾ ഇല്ലാതാക്കാൻ ഈ ഐക്യശ്രമം ഉപകരിക്കുമെന്ന തിരിച്ചറിവാണു പുതിയ ഐക്യശ്രമങ്ങൾക്കു പിന്നിലെന്നു മനസ്സിലാക്കാൻ അധിക ബുദ്ധിയൊന്നും വേണ്ട. ■



# ലഹരിയിൽ കൂപ്പുകുത്തിയവനും മിനി കൂപ്പറും

സിനി. ടി. കെ
മണ്ണാർക്കാട്

പിറന്നാൾ ദിനം മാതാപിതാക്കൾ
സ്നേഹം പൊതിഞ്ഞു നൽകിയ വാഹനം,
മകന്റെ മോഹങ്ങൾക്ക് ചിറകുനൽകാൻ
മിനി കൂപ്പറെന്നൊരു വർണസ്വപ്നം!
സമ്മാനമായിരുന്നു, സ്നേഹമായിരുന്നു, പക്ഷേ...
ലഹരിയുടെ ലഹരിയിൽ കണ്ണുകൾ മങ്ങി;
വേഗത്തിന്റെ ലഹരിയിൽ ബോധവും.
റോഡൊരു കളിക്കളമെന്നു കരുതി
ജീവന്റെ വിലപോലും മറന്നുപോയി!
ആ മൂന്നു ജീവനുകൾ, മൂന്നു കുടുംബങ്ങൾ;
ആശകൾ പൂത്തിരുന്ന വീടുകൾക്കുള്ളിൽ
ആയുസ്സറ്റതിൻ വിലാപങ്ങളുയർന്നു.
ചുറ്റും കൂടിനിന്ന നാട്ടുകാരോടന്നവൻ
ഉച്ചത്തിൽ അലറി;
'എല്ലാം എന്റെ വാപ്പ നോക്കിക്കോളും!'
ചോരയൊലിക്കുന്ന വഴിയിലന്നേരം
മനുഷ്യത്വം തലതാഴ്ത്തി നിന്നു!
വാപ്പ നോക്കിക്കോളും... ശരിതന്നെ മകനേ,
വില കൊടുക്കാൻ വാപ്പയ്ക്ക് കഴിഞ്ഞേക്കാം;
പക്ഷേ, പൊലിഞ്ഞുപോയ മൂന്നു ജീവനുകൾ
തിരികെ കൊടുക്കാൻ സമ്പത്തുകൊണ്ടാകുമോ?
കുടുംബങ്ങളുടെ തീരാനഷ്ടത്തിനും
അമ്മമാരുടെ നെഞ്ചിൽ തീർത്ത തീക്കനലിനും
ഏതു കോടതിയിൽ പണമൊടുക്കിത്തീർക്കും?
മാതാപിതാക്കൾ മക്കൾക്കു നൽകേണ്ടത്
സമ്മാനങ്ങൾ മാത്രമല്ല, വിവേകത്തിന്റെ വെളിച്ചവും
ധാർമികതയുടെ പ്രകാശവുമാണ്.
മനുഷ്യത്വത്തിന്റെ മഹിമയും
ഉത്തരവാദിത്തബോധവുമാണ്.
ആ മിനി കൂപ്പർ ഇന്നൊരു ചോദ്യമാണ്,
സമൂഹത്തിന്റെ മനസ്സാക്ഷിയോടായി;
മക്കൾക്കു സമ്മാനിക്കേണ്ടത്
എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യവും
ആഡംബര ജീവിതവുമോ, അതല്ല
മനുഷ്യനായി ജീവിക്കാനുള്ള വിവേകമോ?



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

നേർപഥം വാരിക

WISDOM
ISLAMIC ORGANIZATION

# പുതിയ വായനാ ലോകത്തേക്ക്
# നേർപഥത്തിന്റെ
# പുതിയ ചുവടുവയ്പ്പ്!




സ്ത്രീകൾക്കായി
എഴുത്തുകാരികൾ ഒരുക്കുന്ന

നേർപഥം WOMEN

Scan to Read

ഇംഗ്ലീഷ്
വായനക്കാർക്കായി

NERPATHAM ENGLISH

Scan to Read

സ്കാൻ ചെയ്യൂ...
വായിക്കൂ...
പങ്കുവയ്ക്കൂ...

വിജ്ഞാനം • ചിന്ത • ഇസ്‌ലാമിക വീക്ഷണം
കാലിക വിഷയങ്ങളിലെ മികച്ച ലേഖനങ്ങൾ

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 24 October 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

